VOL NO: 08 | ISSUE 01
2024 JANUARY 06 | ₹10

# നേർപഥം

വാരിക
www.nerpatham.com | mail@nerpatham.com



ദൈവേതര ഭരണവ്യവസ്ഥയെ അനുസരിക്കുന്നതും അതിനു കീഴിൽ ജോലി ചെയ്യുന്നതും ത്വാഗൂത്തിനുള്ള അടിമവേലയാണെന്നും മുഴുവൻ അനുസരണവും അല്ലാഹുവിന് മാത്രമെ പാടുള്ളൂ എന്നും പഠിപ്പിച്ച്, അണികളെ ഗവൺമെന്റ് ജോലിയിൽ നിന്ന് രാജിവെപ്പിച്ച കേരള ജമാഅത്തെ ഇസ്‌ലാമിക്ക് അടുത്ത കാലത്തായി പണ്ടത്തെ ഹറാമുകൾ പലതും ഹലാലാണ്. ഇപ്പോൾ അത് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു! പുതിയ നിലപാട് കേവലം നയംമാറ്റം മാത്രമല്ല അടിസ്ഥാനാദർശത്തിലുള്ള വ്യതിചലനം തന്നെയാണ് എന്ന് വ്യക്തമാണ്.

## ജമാഅത്തെ ഇസ്‌ലാമി: മാറ്റിയത് നയമല്ല; ആദർശമാണ്



## ഹിസ്ബുല്ലാഹ്; അകവും പുറവും

- ആഘോഷങ്ങളുടെ ഇസ്‌ലാമിക മാനം
- പുതുവർഷവും വിടപറയുന്ന വർഷവും
- തൽമൂദിന്റെ പാഠങ്ങൾ; ഒരു വിശകലനം

## ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ** എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay
BHIM UPI

0363
# നേർപഥം
വാരിക

2024 ജനുവരി 06
1445 ജു.ഉഖ്റാ 24
പുസ്തകം 08 / ലക്കം 01

Managing Editor:
**NASIR BALUSSERI**
Editor:
**USMAN PALAKKAZHI**
Chief Editor:
**ANIL PRIMROSE**

Cover:
**ANIL**
Design & Layout:
**MUSTHAFA MANNAROTTIL**
Web Editor:
**HASEEB ELAYUR**

Printed, published & owned by:
**K. SAJJAD**
Printed at :
**Oruma Printers, Thrissur**
Published at :
**Kozhikkode - 673 002**




**10** കവർ സ്റ്റോറി



**ജമാഅത്തെ ഇസ്‌ലാമി: മാറ്റിയത് നയമല്ല; ആദർശമാണ്**

**മൂസ സ്വലാഹി കാര**

ദൈവേതര ഭരണവ്യവസ്ഥയെ അനുസരിക്കുന്നതും അതിനു കീഴിൽ ജോലി ചെയ്യുന്നതും ത്വാഗൂത്തിനുള്ള അടിമവേലയാണെന്നും മുഴുവൻ അനുസരണവും അല്ലാഹുവിന് മാത്രമെ പാടുള്ളൂ എന്നും പഠിപ്പിച്ച്, അണികളെ ഗവൺമെന്റ് ജോലിയിൽ നിന്ന് രാജി വെപ്പിച്ച കേരള ജമാഅത്തെ ഇസ്‌ലാമിക്ക് അടുത്ത കാലത്തായി പണ്ടത്തെ ഹറാമുകൾ പലതും ഹലാലാണ്. ഇപ്പോൾ അത് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു! പുതിയ നിലപാട് കേവലം നയംമാറ്റം മാത്രമല്ല അടിസ്ഥാനാദർശത്തിലുള്ള വ്യതിചലനം തന്നെയാണ് എന്ന് വ്യക്തമാണ്.

**05** മുഖമൊഴി
അധികാരം അടിച്ചമർത്താനുള്ളതല്ല

**06** ലേഖനം
ഹിസ്ബുല്ലാഹ്; അകവും പുറവും
മുഹമ്മദ് ശബീബ് സ്വലാഹി

**17** കവിത
പുതുവർഷവും വിടപറയുന്ന വർഷവും
തെസ്‌നി വീരാൻ

**18** ലേഖനം
ജീവന്റെ ഉൽപത്തി
ഡോ. ഷാനവാസ്, ഫ്ലോറിഡ

**22** ഹദീസ് പാഠം
എന്താണ് ആത്മാവ്?
ഉസ്മാൻ പാലക്കാഴി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ക്രൂരതയും മനുഷ്യത്വ വിരുദ്ധതയും ആഹ്വാനം ചെയ്യാൻ ഒരു വേദഗ്രന്ഥമോ?
ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ

**31** ലേഖനം
ആഘോഷങ്ങളുടെ ഇസ്‌ലാമിക മാനം
സ്വഫ്‌വാൻ അൽഹികമി ആമയൂർ

**34** ബാലപഥം
ഔദാര്യം പെയ്തിറങ്ങട്ടെ
അർഷദ് അൽഹികമി, താനൂർ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# മാധ്യമ പ്രവർത്തകരെ വേട്ടയാടുന്നത് അപലപനീയം: വിസ്ഡം യൂത്ത്

മൈസുരു: സുതാര്യവും സത്യസന്ധവുമായ മാധ്യമ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നതും മാധ്യമപ്രവർത്തകർക്കെതിരെ അകാരണമായി കേസെടുക്കുന്നതും അപലപനീയമാണെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി മൈസുരുവിൽ സംഘടിപ്പിച്ച പ്രമേയ സമ്മേളനം അഭിപ്രായപ്പെട്ടു.

സമൂഹത്തിൽ വർഗീയതയും വിദ്വേഷവും പരത്തുന്നവർക്കെതിരെ നിസ്സംഗരാകുന്ന സമീപനവും നീതിയല്ല. വനിതാ മാധ്യമപ്രവർത്തകരോട് അപമര്യാദയായി പെരുമാറുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. മാധ്യമ പ്രവർത്തകരായ വനിതകൾക്ക് നേരെയാണ് ഇത്തരം അതിക്രമങ്ങൾ നടന്നതെന്നത് അതീവ ഗൗരവമുള്ളതും അതിനെതിരെയുള്ള സാംസ്കാരിക മൗനം ആശ്ചര്യപ്പെടുത്തുന്നതുമാണ്. വിദ്യാർഥികളിൽ തങ്ങളുടെ ലിംഗസ്വത്വത്തെ കുറിച്ച് ആശയക്കുഴപ്പമുണ്ടാക്കി സ്ത്രീ ജനങ്ങളെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുന്നതിനെതിരെ സമൂഹം കരുതിയിരിക്കണം. എൻ.എസ്.എസ് ക്യാമ്പുകളിലെ 'സമദർശൻ' ക്ലാസ്സിന് വേണ്ടിയുള്ള പാഠഭാഗങ്ങൾ മാനവ വിരുദ്ധവും ശാസ്ത്ര നിഷേധവുമാണ്. പൊതുസ്ഥാപനങ്ങളുപയോഗിച്ച് സാംസ്കാരിക ജീർണതകളെ അടിച്ചേൽപിക്കുന്നത് കടുത്ത അനീതിയും ജനാധിപത്യവിരുദ്ധവുമാണെന്നും പ്രമേയ സമ്മേളനം അഭിപ്രായപ്പെട്ടു.

'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന പ്രമേയത്തിൽ ഫെബ്രുവരി 10, 11 തീയതികളിൽ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി മലപ്പുറത്തുവെച്ച് നടത്തുന്ന കേരള യൂത്ത് കോൺഫറൻസിന്റെ പ്രമേയ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പിപി നസീഫ് അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന നിർവാഹക സമിതിയംഗങ്ങളായ റഷീദ് കൊടക്കാട്ട്, അബ്ദുഹ്മാൻ മദനി, സിദ്ദീഖ് തങ്ങൾ, വിസ്ഡം സ്റ്റുഡന്റ്സ് നാഷണൽ കമ്മിറ്റി അംഗം മുഹമ്മദ് ബിൻ ശാകിർ, മുഹമ്മദ് അസ്‌ലം നജാത്തി, ഫാസിൽ എന്നിവർ പ്രസംഗിച്ചു.

# അധികാരം അടിച്ചമർത്താനുള്ളതല്ല

ഭരണകൂടഭീകരത ലോകത്ത് വർധിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ ഭരണകൂടങ്ങളും അല്ലാത്തവയും അതിൽനിന്ന് മുക്തമല്ല. എന്നാൽ ഭരണകൂടഭീകരത മറയ്ക്കപ്പെടുകയും അതിനെതിരെയുള്ള ശബ്ദങ്ങൾ ഭീകരതയായി ചിത്രീകരിക്കപ്പെടുകയുമാണ് ചെയ്യുന്നത്. യഥാർഥത്തിൽ വ്യക്തികളും പ്രസ്ഥാനങ്ങളും നടത്തുന്ന ഭീകരപ്രവർത്തനങ്ങളെക്കാൾ ഭരണകൂടഭീകരതകൾ മൂലമാണ് കൂടുതൽ മനുഷ്യാവകാശ ലംഘനങ്ങളുണ്ടാകുന്നത്.

'ഭീകരവാദം' (ടെററിസം) എന്ന പദത്തിന്റെ അർഥംതന്നെ; ഒന്നാമതായി 'ഭീഷണിയിലൂടെയുള്ള ഭരണം' എന്നതാണ്. 1789-94ലെ ഫ്രഞ്ച് വിപ്ലവകാലത്ത് ഫ്രാൻസിൽ അധികാരത്തിലിരുന്ന പാർട്ടി നടത്തിയതുപോലുള്ള ഭരണമാണ് ഇതിന് ഉദാഹരണമായി എടുത്തുകാട്ടാറുള്ളത്. രണ്ടാമതായി, ആർക്കെതിരെയാണോ ഉപയോഗിക്കുന്നത്, അവരിൽ ഭീതിജനിപ്പിക്കാനുള്ള ആക്രമണ നയമാണ് ഭീകരവാദം എന്നും നിർവചിക്കപ്പെട്ടിരിക്കുന്നു.

ഭരണാധികാരികൾ പക്ഷഭേദം കാണിക്കാത്തവരും സത്യത്തിനും നീതിക്കും വിലകൽപിക്കുന്നവരുമായിരിക്കണം. ദാവൂദ് നബി(അ)യുടെ ഉദാഹരണത്തിലൂടെ ലോകത്തിലെ ഭരണാധികാരികളെ ഇക്കാര്യം വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്:

"(അല്ലാഹു പറഞ്ഞു:) ഹേ; ദാവൂദ്, തീർച്ചയായും നിന്നെ നാം ഭൂമിയിൽ ഒരു പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ ജനങ്ങൾക്കിടയിൽ ന്യായപ്രകാരം നീ വിധികൽപിക്കുക. തന്നിഷ്ടത്തെ നീ പിന്തുടർന്നുപോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നിന്നെ തെറ്റിച്ചുകളയും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവരാരോ അവർക്കുതന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്. കണക്കുനോക്കുന്ന ദിവസത്തെ അവർ മറന്നുകളഞ്ഞതിന്റെ ഫലമത്രെ അത്" (38:26).

കുറ്റകൃത്യങ്ങളുടെ ലോകത്ത് നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വർത്തമാനകാല ഇന്ത്യയിൽ കടുത്ത അക്രമം പ്രവർത്തിച്ചവരും വർഗീയ കലാപമുണ്ടാക്കുന്ന പ്രസംഗം നടത്തിയവരുമായ 'ചിലർ' നിയമനടപടികൾക്ക് വിധേയമാകാതിരിക്കുകയും 'മറ്റു ചിലർ' നിസ്സാരമായ കുറ്റങ്ങളുടെ പേരിലോ കുറ്റമൊന്നും ചെയ്യാതെയോ തുറുങ്കിലടക്കപ്പെടുകയും ചെയ്യുന്നത് പുതുമയില്ലാത്ത വാർത്തയായി മാറിയിരിക്കുന്നു!

ഫലസ്തീൻ ജനത പിറന്ന മണ്ണിൽ ജീവിക്കുവാൻ വേണ്ടിയുള്ള സ്വാതന്ത്ര്യത്തിനായി പോരാടുമ്പോൾ അതിനെ ഭീകരപ്രവർത്തനമായും അധിനിവേശക്കാരും വംശഹത്യ നടത്തുന്നവരുമായ ഇസ്രയേലുകാരെ സമാധാനത്തിന്റെ വെള്ളരി പ്രാവുകളായും വിശേഷിപ്പിക്കുന്ന അനീതിയും നാം കണ്ടുകൊണ്ടിരിക്കുന്നു.

"ഉന്നതർ മോഷ്ടിച്ചാൽ വെറുതെ വിടുകയും ദുർബലർ മോഷ്ടിച്ചാൽ ശിക്ഷ നടപ്പാക്കുകയും ചെയ്യുന്ന പതിവ് നിങ്ങളുടെ മുൻഗാമികൾക്കിടയിൽ നിലനിന്നത് അവരുടെ നാശത്തിന് ഹേതുവായിട്ടുണ്ട്. അല്ലാഹുവിനെക്കൊണ്ട് സത്യം, മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിക്കുന്നതെങ്കിൽ ഞാൻ അവളുടെ കൈ മുറിക്കുകതന്നെ ചെയ്യും" എന്ന, മുഹമ്മദ് നബി(സ)യുടെ അത്യുജ്ജ്വലമായ പ്രഖ്യാപനം ലോകചരിത്രത്തിൽ അതുല്യമാണ്; ആധുനിക ലോകത്തെ ഭരണാധികാരികൾക്ക് ചിന്തിക്കുകപോലും അസാധ്യമായ പ്രഖ്യാപനം.

സ്വജനപക്ഷപാതത്തിന്റെ പിടിയിലമർന്നവരാണ് ഇന്നത്തെ മിക്ക ഭരണാധികാരികളും. ഇസ്‌ലാം അത് അംഗീകരിക്കുന്നില്ല. വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിരുന്നാലും ശരി..." (4:135).

മുഹമ്മദ് ശബീബ് സ്വലാഹി
: 90372 35706

# ഹിസ്ബുല്ലാഹ്: അകവും പുറവും

ലുബ്നാനിലേക്ക് പലായനം ചെയ്തുവന്ന ശിയാക്കൾ അവിടെ പള്ളികൾ സ്ഥാപിച്ചിരുന്നെങ്കിലും വ്യവസ്ഥാപിതമായ വളർച്ചക്ക് ആവശ്യമായ സാഹചര്യങ്ങൾ അവർക്കവിടെ ലഭിച്ചിരുന്നില്ല. എന്നാൽ ഉസ്മാനിയ്യ ഖിലാഫത്തിന്റെ പതനവും തുർക്കി ദേശീയവാദത്തിനെ തുടർന്ന് കടന്നുവന്ന അറബ് ദേശീയവാദവും ഒന്നാം ലോക മഹായുദ്ധവുമെല്ലാം ലുബ്നാനിൽ ശിയാ ചിന്താധാരക്ക് വളർന്നുവരാൻ കൂടുതൽ ശക്തി പകർന്നു. സർവോപരി 1979ൽ ഇറാനിലെ സ്വഫവി വിപ്ലവത്തിന്റെ അനന്തരഫലമായി ഇറാൻ ശിയാ രാജ്യമായതോടെ ശിയാക്കൾക്ക് സ്വന്തമായി രാജ്യങ്ങൾ ഉണ്ടാകണം എന്ന ചിന്തയും അവർക്ക് കൂടുതൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ പ്രേരകമായി.



തെക്കൻ ലുബ്നാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇമാമിയ്യ ശിയാധാരയെ പ്രതിനിധാനം ചെയ്യുന്ന ഒരു സായുധ രാഷ്ട്രീയ സംഘമാണ് ഹിസ്ബുല്ലാഹ്. 1982ലെ ലുബ്ലാൻ അഭ്യന്തര യുദ്ധത്തിനിടയിലാണ് 'അല്ലാഹുവിന്റെ പാർട്ടി' എന്ന അർഥം വരുന്ന 'ഹിസ്ബുല്ലാഹ്' എന്ന പേരിൽ സംഘടന നിലവിൽ വരുന്നത്. 1985ൽ രാഷ്ട്രീയ രംഗപ്രവേശനം ചെയ്തു. തെക്കൻ ലുബ്ലാനെ ഇസ്റാഈൽ അധിനിവേശത്തിൽനിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ പേരിൽ സംഘടന വളർന്നു. 40 വർഷങ്ങൾക്കിപ്പുറം ലുബ്നാനിൽ വലിയ സ്വാധീനമുള്ള രാഷ്ട്രീയ പാർട്ടിയായി മാറിക്കഴിഞ്ഞിരിക്കുന്നു ഹിസ്ബുല്ലാഹ്. സ്വന്തമായി ടെലിവിഷൻ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ, സ്കൂളുകൾ മുതലായ ധാരാളം സംരംഭങ്ങൾ അവർ കൈകാര്യം ചെയ്തുവരുന്നു. ഖുമൈനിയൻ ചിന്താ പ്രസ്ഥാനമായതുകൊണ്ട് തന്നെ ഇറാനിന്റെ ആശീർവാദവും സഹായവും ഹിസ്ബുല്ലക്ക് ലഭിച്ച് വരുന്നു.

## ലുബ്ലാനും ശിയാക്കളും

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലുബ്നാനിൽ വിരളമായിരുന്നു ശിയാ സാന്നിധ്യം. ലുബ്നാനിലേക്ക് പലായനം ചെയ്തുവന്ന ശിയാക്കൾ അവിടെ പള്ളികൾ സ്ഥാപിച്ചിരുന്നെങ്കിലും വ്യവസ്ഥാപിതമായ വളർച്ചക്ക് ആവശ്യമായ സാഹചര്യങ്ങൾ അവർക്കവിടെ ലഭിച്ചി

രുന്നില്ല. എന്നാൽ ഉസ്മാനിയ്യ ഖിലാഫത്തിന്റെ പതനവും തുർക്കി ദേശീയവാദത്തിനെ തുടർന്ന് കടന്നുവന്ന അറബ് ദേശീയവാദവും ഒന്നാം ലോക മഹായുദ്ധവുമെല്ലാം ലുബ്നാനിൽ ശിയാ ചിന്താധാരക്ക് വളർന്നുവരാൻ കൂടുതൽ ശക്തി പകർന്നു. സർവോപരി 1979ൽ ഇറാനിലെ സ്വഫവി വിപ്ലവത്തിന്റെ അനന്തരഫലമായി ഇറാൻ ശിയാ രാജ്യമായതോടെ ശിയാക്കൾക്ക് സ്വന്തമായി രാജ്യങ്ങൾ ഉണ്ടാകണം എന്ന ചിന്തയും അവർക്ക് കൂടുതൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ പ്രേരകമായി.

### ഹിസ്ബുല്ലയുടെ ബീജാവാപം

'ഹറകത്തു അമൽ' (പ്രതീക്ഷാ പ്രസ്ഥാനം) എന്ന ശിയാ കൂട്ടായ്മയുടെ പിൻതലമുറക്കാരായാണ് ഹിസ്ബുല്ലാഹ് കടന്നുവരുന്നത്. മൂസാ സ്വദ്ർ എന്ന വ്യക്തിയാണ് ഹറകത്തു അമലിന്റെ സ്ഥാപകൻ. അയാളുടെ പ്രപിതാക്കൻമാർ താമസിച്ചിരുന്നത് തെക്കൻ ലുബ്നാനിലെ ജബൽ ആമിൽ മേഖലയിലായിരുന്നു. അവരിൽനിന്നും ഒരാൾ ഇറാനിലേക്ക് പലായനം ചെയ്യുകയും അവിടെ സ്ഥിര താമസമാക്കുകയും ചെയ്തു. അയാളുടെ പരമ്പരയിൽ ഇറാനിലെ ഖുമ്മ് എന്ന സ്ഥലത്താണ് മൂസാ സ്വദ്ർ ജനിക്കുന്നത്. പ്രാഥമിക പഠനത്തിനുശേഷം ഇറാനിലെ ടഹറാൻ സർവകലാശാലയിൽനിന്നും ശിയാകർമശാസ്ത്രത്തിലും പൊളിറ്റിക്കൽ സയൻസിലും ബിരുദം നേടി.

1957ൽ മരണപ്പെട്ട ലുബ്നാനി ശിയാ നേതാവായ അബ്ദുൽ ഹുസൈൻ ശറഫുദ്ദീൻ ആമിലിയുടെ പിൻഗാമിയായി മൂസാ സ്വദ്റിനെ ശിയാ ആചാര്യൻമാരായ മുഹ്സിനുൽ ഹകീമും ഹുസൈനൽ ബുറൂജർദിയും ലുബ്നാനിലേക്ക് നിയോഗിച്ചു. 1959 മുതൽ ലുബ്നാനിലെ സൂറിൽ മൂസാ സ്വദ്ർ താമസമാക്കി. 1968 ഓടുകൂടി തന്റെ ഇറാനിയൻ പൗരത്വം നിലനിർത്തിക്കൊണ്ട് തന്നെ ലുബ്നാൻ പൗരത്വവും അയാൾ കരസ്ഥമാക്കി. ശിയാ ആചാര്യനായ ഖുമെയ്നിയുമായി മൂസാ സ്വദ്റിന് അടുത്ത ബന്ധമുണ്ടായിരുന്നു. മൂസായുടെ സ്വഹോദരിപുത്രി ഫാത്വിമ ത്വബാത്വബാഇയെയാണ് ഖുമൈനി പുത്രൻ അഹ്മദ് വിവാഹം ചെയ്തത്. സ്വഹോദരിയുടെ പുത്രൻ മുർതദ്വാ വിവാഹം ചെയ്തത് ഖുമൈനിയുടെ പൗത്രിയെയുമാണ്. 1967ന്റെയും 1969ന്റെയും ഇടയിൽ 'മജ്ലിസുൽ ഇസ്ലാമി അശ്ശീഈ' എന്ന മതസംഘടനക്കും അതിനെ തുടർന്ന് 1974ൽ ഹറകത്തുൽ അമൽ എന്ന രാഷ്ട്രീയ സംഘടനക്കും മൂസാ സ്വദ്ർ രൂപം നൽകി.

1974ൽ ലുബ്നാൻ ആഭ്യന്തര യുദ്ധവും ഇറാൻ വിപ്ലവവും പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പ് ശിയാ സമൂഹത്തെ വിളിച്ചുകൂട്ടി മൂസ സ്വദ്ർ നടത്തിയ പ്രസംഗത്തിലെ ചില ഭാഗങ്ങൾ നമുക്ക് ഇങ്ങനെ വായിക്കാം: "സ്വേഛാധിപത്യത്തിനെതിരെയുള്ള പ്രതികാരത്തിന്റെ കൂട്ടമാകുന്നു നമ്മൾ. അതിനായി നമ്മുടെ രക്തവും ജീവനും നാം ബലിനൽകേണ്ടിവരും. ഇവിടെ വികാരങ്ങൾക്ക് സ്ഥാനമില്ല. കർമനിരതമാകലാണ് നമുക്കാവശ്യം. പ്രസംഗവും ഉപദേശങ്ങളും നമ്മെ ബലഹീനമാക്കിയിരിക്കുന്നു. മറ്റാരെക്കാളും ഞാൻ എത്രയോ പ്രസംഗിച്ചിട്ടുണ്ട്. മറ്റാരെക്കാളും സമാധാനത്തിലേക്ക് വിളിച്ചവനാണ് ഞാൻ. സമാധാനം, സമാധാനം എന്ന് വേണ്ടുവോളം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇന്നുമുതൽ ഇനി വിശ്രമമില്ല. നിങ്ങൾ ആലസ്യത്തിലായി കഴിഞ്ഞുകൂടുകയാണെങ്കിൽ ഞാൻ അപ്രകാരമാകില്ല ഉണ്ടാവുക" (ഇമാമുൽ മുസ്തതിർ-അജമി, പേജ് 155).



വീണ്ടും അയാൾ പ്രസംഗിച്ചു: "പ്രവാചക പുത്രി ഫാത്വിമയെ നാം ഇന്ന് തെരഞ്ഞെടുക്കുന്നു. നബിയേ... നാഥാ... ഞങ്ങളുടെ കൗമാരം അവസാനിച്ചിരിക്കുന്നു. ഞങ്ങൾ വിവേകികളായിരിക്കുന്നു. ഇനി ഞങ്ങൾക്ക് ഉപദേശകരുടെ ആവശ്യമില്ല. ഞങ്ങൾ ആരെയും ഭയപ്പെടുന്നില്ല. ഞങ്ങൾ സ്വതന്ത്രരായിരിക്കുന്നു. ആളുകളെ പഠിക്കുന്നതിനെ തൊട്ട് തടയാൻ ആവശ്യമായ എല്ലാ വഴികളും അവർ (സ്വേച്ഛാധിപതികൾ) കൈക്കൊണ്ടിട്ടുകൂടി ഞമ്മൾ അന്ത്യോപദേശം ഉറപ്പിക്കാനായി ഒത്തുചേർന്നിരിക്കുകയാണ്. നാം ഫാത്വിമയുടെ വഴിയിൽ സഞ്ചരിക്കുന്നവരാണ്. നമ്മുടെ അന്ത്യം രക്തസാക്ഷിത്വമാണ് (അൽ ഇസ്‌ലാം അശ്ശീഈ, യാൻ രീഷാർ, പേജ് 199-200).

ഈ വിപ്ലവകരമായ പ്രഖ്യാപനത്തോടെ ലുബ്നാനിലെ ശിയാ രാഷ്ട്രീയ പ്രസ്ഥാനത്തിന് ഒരു പുതിയ തുടക്കം കുറിക്കപ്പെട്ടു. തെക്കൻ ലുബ്നാനിലെ ഇസ്‌റാഈൽ അധിനിവേശവും ആക്രമണവും തടുക്കാൻ എന്ന വ്യാജേന അവർ ആയുധമണിഞ്ഞു. ആദ്യകാലത്ത് ഫലസ്തീനിലെ ഫത്ഹ് പാർട്ടിയുമായി ബന്ധം പുലർത്തിയിരുന്നെങ്കിലും പിന്നീട് അവർക്കിടയിൽതന്നെ സായുധ സംഘട്ടനങ്ങൾ ഉണ്ടായതിന് ചരിത്രം സാക്ഷിയാണ്.

1978ൽ മൂസാ സ്വദ്ർ ലിബിയയിലേക്ക് സന്ദർശനാർഥം പോയി. പിന്നീട് അവിടെനിന്നും അയാൾ തിരിച്ചുവന്നിട്ടില്ല. അയാൾക്ക് എന്തുപറ്റി എന്നത് ഇന്നും ഒരു സമസ്യയായി തുടരുന്നു. മൂസാ സ്വദ്റിന്റെ തിരോധാനത്തിനു ശേഷം ഹറകത്തു അമലിൽ പല കാരണങ്ങളാലും അഭിപ്രായ ഭിന്നതകൾ ഉടലെടുത്തു. അത് രൂക്ഷമായി. അവസാനം സംഘടന രണ്ടായി പിളർന്നു. 'അമൽ അൽഇസ്‌ലാമിയ്യ' എന്ന പേരിൽ ഒരു പുതിയ സംഘടനയുടെ പ്രഖ്യാപനം ഹറകത്തു അമലിന്റെ അന്നത്തെ ഉപാധ്യക്ഷൻ കൂടിയായ ഹുസൈൻ അൽമൂസവി നടത്തി. ആ പ്രസ്ഥാനമാണ് പിന്നീട് ഹിസ്ബുല്ലയായി പരിണമിച്ചത്. 1988 -1990 കാലയളവിൽ രക്തരൂഷിതമായ ധാരാളം ഏറ്റുമുട്ടലുകൾ അമൽ മൂവ്മെന്റിന്റെയും ഹിസ്ബുല്ലയുടെയും ഇടയിൽ നടന്നിട്ടുണ്ട്. 'ഹർബുൽ ഇഖ്‌വ,' 'ഹർബുശ്ശഖീഖൈൻ' (സഹോദരൻമാർ തമ്മിലെ യുദ്ധം) എന്ന പേരിലാണ് അവ അറിയപ്പെട്ടത്.

***ഹിസ്ബുല്ലക്ക് നേതൃത്വം നൽകിയവരിൽ പ്രധാനികൾ:***

**1. മുഹമ്മദ് ഹുസൈൻ ഫദ്‌ലുല്ലാഹ്.**

1935ൽ ഇറാക്കിലെ നജഫിൽ ജനിച്ചു. 1966ൽ ഇറാക്കിൽനിന്നും ലുബ്നാനിൽ വന്നു. പ്രസംഗം, എഴുത്ത്, സംഘാടനം തുടങ്ങിയ മേഖലകളിൽ പ്രസിദ്ധനായിരുന്നു. ലുബ്നാനിലെ ശിയാ വളർച്ചയിൽ വലിയ പങ്കുവഹിച്ച ആളായിരുന്നു. ഹിസ്ബുല്ലയുടെ ആത്മീയ പിതാവ് എന്ന പേരിൽ പ്രസിദ്ധനായി. 2010ൽ മരണപ്പെട്ടു. (മസീറത്തു ഖാഇദുശ്ശീഈ, ജമാൽ സൻക്രി, പേജ് 3).

**2. സ്വുബിഹി ത്വുഫൈലി.**

1948ൽ ബഅ്‌ലബക്കിൽ ജനിച്ചു. ഇറാക്കിലെ നജഫിലും ശേഷം ഇറാനിലെ ഖുമ്മിലും പഠിച്ചു. 1989 -1991 കാലയളവിൽ ഹിസ്ബുല്ലയുടെ ജനറൽ സെക്രട്ടറിയായിരുന്നു. ശേഷം ആ സ്ഥാനത്തു നിന്നും പല കാരണങ്ങളാലും അയാൾ നീക്കം ചെയ്യപ്പെട്ടു. അയാളുടെ പിൻഗാമിയായി അബ്ബാസ് മൂസവി നിയുക്തനായി. (മുൽഹഖു മൗസുഅതിസ്സിയാസിയ്യ, ഖലീൽ അഹ്മദ് യലിൽ, പേജ് 329).



**'ഹറകത്തു അമൽ' (പ്രതീക്ഷാ പ്രസ്ഥാനം) എന്ന ശിയാ കൂട്ടായ്മയുടെ പിൻതലമുറക്കാരായാണ് ഹിസ്ബുല്ലാഹ് കടന്നുവരുന്നത്. മൂസാ സ്വദ്ർ എന്ന വ്യക്തിയാണ് ഹറകത്തു അമലിന്റെ സ്ഥാപകൻ. അയാളുടെ പ്രപിതാക്കൻമാർ താമസിച്ചിരുന്നത് തെക്കൻ ലുബ്നാനിലെ ജബൽ ആമിൽ മേഖലയിലായിരുന്നു. അവരിൽനിന്നും ഒരാൾ ഇറാനിലേക്ക് പലായനം ചെയ്യുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അയാളുടെ പരമ്പരയിൽ ഇറാനിലെ ഖുമ്മ് എന്ന സ്ഥലത്താണ് മൂസാ സ്വദ്ർ ജനിക്കുന്നത്.**

സ്ഥാനഭ്രഷ്ട് സംഭവിച്ചതിനുശേഷം ഹിസ്ബുല്ലയെയും ഇറാനിനെയെയും ധാരാളമായി നിരൂപണം നടത്തിയ വ്യക്തികൂടിയാണ് സ്വുബിഹി ത്വുഫൈലി. പിന്നീട് ഹിസ്ബുല്ലയുടെ പല നയങ്ങളെയും ശക്തിയുക്തം എതിർത്തിട്ടുമുണ്ട്.

### 3. അബ്ബാസ് അൽമൂസവി.

ലുബ്നാനിലെ നബിശീത് എന്ന സ്ഥലത്ത് 1952ൽ ജനനം. ഹിസ്ബുല്ലാഹ് സ്ഥാപിതമായതു മുതൽക്ക് അതിന്റെ സഹയാത്രികൻ. ലുബ്നാനിലെ ശിയാ ആചാര്യൻ, ഹിസ്ബുല്ലാഹ് നയതന്ത്ര വക്താവ് തുടങ്ങിയ നിലയിൽ പ്രസിദ്ധൻ. 1991 മുതൽ ഹിസ്ബുല്ലയുടെ ജനറൽ സെക്രട്ടറിയായിരുന്നു. 1992ൽ സഹ്റാനിൽ ഇസ്റാഈലീ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. അതിനുശേഷം സയ്യിദുശ്ശുഹദാഅ് എന്ന പേരിൽ ഹിസ്ബുല്ലക്കിടയിൽ പ്രസിദ്ധമായി.

### 4. ഹസൻ അബ്ദുൽ കരീം നസ്റുല്ലാഹ്

നിലവിലെ ഹിസ്ബുല്ലാഹ് ജനറൽ സെക്രട്ടറി. 1960ൽ ബുർജ് ഹമൂദിൽ ജനനം. ഇമാമിയ്യ മതപഠനത്തിനായി 1976ൽ ഇറാക്കിലെ നജഫിലേക്ക് യാത്ര തിരിച്ചു. ശേഷം ലുബ്നാനിലേക്ക് മടങ്ങി, അബ്ബാസ് മൂസവി ബഅ്ലബക്കിൽ സ്ഥാപിച്ചിട്ടുള്ള മതപഠനശാലയിൽ ജോലി ചെയ്തു. 1989-1990 കാലയളവിൽ തന്റെ മതപഠന തുടർച്ചക്ക് വേണ്ടി ഇറാനിലെ ഖുമ്മിലേക്ക് യാത്ര തിരിച്ചു.

1975 മുതൽ 1982 വരെ ലുബ്നാനിലെ വ്യത്യസ്ത പ്രവിശ്യകളിൽ ഹറകത്തു അമലിന് നേതൃത്വം നൽകിക്കൊണ്ടിരുന്നു. ഹറകത്തു അമൽ പിളർന്നപ്പോൾ ഹിസ്ബുല്ലയുടെ കൂടെയാണ് ഹസൻ നിലയുറപ്പിച്ചത്. 1985 വരെ അൽബുഖാഅ് പ്രവിശ്യയിലെ ഹിസ്ബുല്ലയുടെ ഉത്തരവാദിത്തവും ഹസനിൽ ഏൽപിക്കപ്പെട്ടു. 1987ൽ ഹിസ്ബുല്ലയുടെ കേന്ദ്ര നേതൃകർമനിർവഹണ വിഭാഗത്തിൽ അംഗത്വം ലഭിച്ചു. 1992ൽ അന്നത്തെ ജനറൽ സെക്രട്ടറി അബ്ബാസ് അൽ മൂസവി കൊല്ലപ്പെട്ടതിനുശേഷം ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. (മജല്ലതുശ്ശാഹിദ് അസ്സിയാസി, ലക്കം 147).

### 5. നഈം ഖാസിം.

1953ൽ ബൈറൂത്തിലെ ബസ്താ പട്ടണത്തിൽ ജനിച്ചു. 1971ൽ രസതന്ത്രത്തിൽ ലുബ്നാൻ സർവകലാശാലയിൽ പഠനം നടത്തി. അതോടൊപ്പം ശിയാ പണ്ഡിതരിൽ പ്രമുഖരായ ഹുസൈൻ ഫദ്ലുല്ല പോലുള്ള ആളുകളിൽനിന്നും മതപഠനവും കരസ്ഥമാക്കി. ലുബ്നാനിലെ ശിയാ വിപ്ലവ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചു. 1979ൽ ഖുമൈനിയുടെ നേതൃത്വത്തിൽ ഇറാൻ വിപ്ലവം ആരംഭിച്ചപ്പോൾ സംഘടനാ നേതൃത്ത്വത്തിൽ നിന്നും രാജിവെച്ച് ശിയാ പ്രബോധന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയി. ഹിസ്ബുല്ലയുടെ ബീജാവാപത്തോടെ അതിന്റെ നേതൃനിരയിൽതന്നെ നിന്നു പ്രവർത്തിച്ചു. 1991ൽ അബ്ബാസ് മൂസവി ഹിസ്ബുല്ലയുടെ ജനറൽ സെക്രട്ടറിയായപ്പോൾ മൂസവിയുടെ അസിസ്റ്റന്റായി പ്രവർത്തിച്ചുതുടങ്ങി. ഇന്നും ഹിസ്ബുല്ലയുടെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയായി നഈം ഖാസിം തുടരുന്നു. ഖുമൈനിയുടെയും ഖാംനായിയുടെയും ഭക്തനായ നഈം ഖാസിം ഗ്രന്ഥകാരൻ കൂടിയാണ്.

*(അവസാനിച്ചില്ല)*

മൂസ സ്വലാഹി കാര
: 97473 45768

# ജമാഅത്തെ ഇസ്‌ലാമി: മാറ്റിയത് നയമല്ല; ആദർശമാണ്



**ദൈവേതര ഭരണവ്യവസ്ഥയെ അനുസരിക്കുന്നതും അതിനു കീഴിൽ ജോലി ചെയ്യുന്നതും ത്വാഗൂത്തിനുള്ള അടിമവേലയാണെന്നും മുഴുവൻ അനുസരണവും അല്ലാഹുവിന് മാത്രമെ പാടുള്ളൂ എന്നും പഠിപ്പിച്ച്, അണികളെ ഗവൺമെന്റ് ജോലിയിൽ നിന്ന് രാജിവെപ്പിച്ച കേരള ജമാഅത്തെ ഇസ്‌ലാമിക്ക് അടുത്ത കാലത്തായി പണ്ടത്തെ ഹറാമുകൾ പലതും ഹലാലാണ്. ഇപ്പോൾ അത് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു! പുതിയ നിലപാട് കേവലം നയംമാറ്റം മാത്രമല്ല അടിസ്ഥാനാദർശത്തിലുള്ള വ്യതിചലനം തന്നെയാണ് എന്ന് വ്യക്തമാണ്.**

ഇസ്‌ലാമിന്റെ ശരിയായ വിശ്വാസധാരയിൽനിന്ന് വ്യതിചലിച്ച് പ്രമാണ വക്രീകരണത്തിലൂടെ പുതിയ ഒരു ആശയം മെനഞ്ഞുണ്ടാക്കി, അബുൽ അഅ്‌ലാ മൗദൂദി സാഹിബ് 1941ൽ ഇന്ത്യയിൽ രൂപീകരിച്ച സംഘടനയാണ് 'ജമാഅത്തെ ഇസ്‌ലാമി.' 'വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു' എന്ന വാദമുയർത്തി ഖലീഫമാർക്കെതിരെ രംഗപ്രവേശനം ചെയ്ത ഖവാരിജുകൾക്ക് സമമായി മതരാഷ്ട്ര സംസ്ഥാപനം ലക്ഷ്യം വെച്ചുകൊണ്ടാണ് അദ്ദേഹം കടന്നുവന്നത്. 1948 ഏപ്രിൽ 16ന് ഹാജി സാഹിബ് എന്നറിയപ്പെടുന്ന വി.പി മുഹമ്മദലി സാഹിബിലൂടെ മൗദൂദിസത്തിന്റെ കേരള ഘടകം 'ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്' എന്ന പേരിൽ രൂപീകരിക്കപ്പെട്ടതും ഈ ലക്ഷ്യത്തിലൂന്നിയായിരുന്നു.

മൗദൂദി സാഹിബിനെ ജമാഅത്തുകാരുടെ നവോത്ഥാന നായകനാക്കി അവതരിപ്പിക്കുന്നത് നോക്കൂ: "ഇന്ന് ലോകമെങ്ങും ഏറെ ചർച്ച ചെയ്യപ്പെടുന്ന ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ആദ്യ അലകൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇളക്കിവിട്ടത് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയാണ്" (ജമാഅത്തെ ഇസ്‌ലാമി, ലഘു പരിചയം/ശൈഖ് മുഹമ്മദ് കാരക്കുന്ന്/പേജ് 31).

"ആരൊക്കെയാണീ വസന്തത്തിന്റെ രാജശില്പികൾ? ശഹീദ് ഹസനുൽ ബന്ന, സയ്യിദ് മൗദൂദി, സയ്യിദ് ഖുതുബ് , മുഹമ്മദ് ഇബ്നു



ഇന്ത്യക്കകത്തുള്ള പണ്ഡിതന്മാരോടൊന്നിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം മൗദൂദി സാഹിബിനുണ്ടായിട്ടും തിടുക്കത്തിൽ പുതിയൊരു പ്രസ്ഥാനത്തിന് അദ്ദേഹം തുടക്കമിട്ടത് തന്റെ വികലമായ ആദർശം സമൂഹത്തിൽ പ്രചരിപ്പിക്കാൻ വേണ്ടി മാത്രമാണ്.

അബ്ദിൽ വഹാബ്, ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി, റഷീദ് രിദാ, മുഹമ്മദ് അബ്ദു" (ഇസ്‌ലാമിക നവോത്ഥാനം; രണ്ടാം ഘട്ടത്തിനൊരു മുഖവുര/പേജ് 3).

ഇന്ത്യക്കകത്തുള്ള പണ്ഡിതന്മാരോടൊന്നിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം മൗദൂദി സാഹിബിനുണ്ടായിട്ടും തിടുക്കത്തിൽ പുതിയൊരു പ്രസ്ഥാനത്തിന് അദ്ദേഹം തുടക്കമിട്ടത് തന്റെ വികലമായ ആദർശം സമൂഹത്തിൽ പ്രചരിപ്പിക്കാൻ വേണ്ടി മാത്രമാണ്. അബുൽ കലാം ആസാദ്, അബുൽ ഹസൻ അലി നദ്‌വി തുടങ്ങി അനേകം പണ്ഡിതന്മാർ അദ്ദേഹത്തിന് മറുപടി നൽകിയിട്ടുണ്ട്.

മൗദൂദി സാഹിബിന്റെ പ്രസ്ഥാന നിർമിതിയുടെ കാരണവും അദ്ദേഹത്തിന് സംഭവിച്ചതായ പിഴവും എന്താണെന്ന് വിശദമായി നമുക്കൊന്ന് മനസ്സിലാക്കാം. അല്ലാഹുവല്ലാത്തവരെ അനുസരിക്കുന്നതിനെ ആരാധനയാക്കിയും ജിഹാദിനെ(അല്ലാഹുവിന്റെ മാർഗത്തിലെ ത്യാഗപരിശ്രമം) തെറ്റായി വ്യാഖ്യാനിച്ചും ഖുർആനിന്റെ സംരക്ഷണത്തെ വെല്ലുവിളിച്ചും അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരെ അവമതിച്ചും റബ്ബ്, ഇലാഹ്, ദീൻ, ഇബാദത്ത് തുടങ്ങിയ പദങ്ങളെ ദുരുപയോഗം ചെയ്തും അദ്ദേഹം എഴുതിയത് കാണുക: (ഇതിനൊക്കെ ഞങ്ങൾ എന്നേ മറുപടി പറഞ്ഞതാണെന്നു പറഞ്ഞ് ന്യായീകരണ നേതാക്കൾ മൗനം പാലിച്ചേക്കാം. എന്നാൽ ഇതൊന്നും കേൾക്കാത്ത, വായിക്കാത്ത, അറിയാത്ത പുതുതലമുറക്കാരുണ്ട്. അവരുടെ അറിവിലേക്കാണ് ഇത് എഴുതുന്നത്).

"ഈ ഇസ്‌ലാമിക പാർട്ടി രൂപം കൊള്ളുന്നതോടെ അത് നിലവിൽവന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന്റെ മാർഗത്തിൽ ജിഹാദ് ആരംഭിക്കുകയായി. അനിസ്‌ലാമികമായ അടിത്തറകളിൽ നിലനിൽക്കുന്ന ഭരണ വ്യവസ്ഥകൾ നശിപ്പിക്കുക, അവയെ വേരോടെ പിഴുതെറിയുക, പകരം വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനം എന്ന് വിശേഷിപ്പിച്ച നീതിനിഷ്ഠവും മധ്യമവുമായ നിയമങ്ങളുടെ അസ്ഥിവാരത്തിൽ സ്ഥാപിതമായ സാമൂഹികക്രമം സ്ഥാപിക്കുക എന്നതാണത്. ഇവയ്ക്കെല്ലാം വേണ്ടി അത്യധ്വാനം ചെയ്യുന്നതിൽനിന്ന് ഒഴിവാകാതിരിക്കുക എന്നത് അതിന്റെ പ്രകൃതത്തിലും താത്പര്യത്തിലും പെട്ടതാണ്. ഈ

പാർട്ടി ഇസ്‌ലാമിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ നിയന്ത്രണത്തിനും സത്യത്തിന്റെ സംസ്ഥാപനത്തിനും ഭരണസമ്പ്രദായത്തിന്റെ പരിവർത്തനത്തിനും സാധ്യമായ ശ്രമങ്ങൾ വ്യയം ചെയ്യുകയും ഈ മാർഗത്തിൽ ശരിയാംവിധം ജിഹാദ് നടത്തുകയും ചെയ്യുന്നില്ലെങ്കിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിലും പാർട്ടിയുടെ രൂപീകരണോദ്ദേശ്യം അന്വർഥമാക്കുന്നതിലും അത് പരാജയപ്പെട്ടതായാണ് കണക്കാക്കപ്പെടുക" (ജിഹാദ്/അബുൽ അഅ്‌ലാ മൗദൂദി/പേജ് 22).

"ഈ വിശദീകരണത്തിൽ നിന്നു 'ദീൻ' എന്നാൽ യഥാർഥത്തിൽ സ്റ്റേറ്റ് (State) ആണെന്നും ശരീഅത്ത് ആ സ്റ്റേറ്റിന്റെ നിയമവ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്നു പറയുന്നതെന്നുമുള്ള സംഗതി വ്യക്തമാകുന്നതാണ്. നിങ്ങൾ ഏതെങ്കിലുമൊരാളെ നിരുപാധികം വിധികർത്താവായി സമ്മതിച്ച് അയാളുടെ അടിമത്തം സ്വീകരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങളയാളുടെ ദീനിൽ പ്രവേശിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ സമ്മതിച്ച വിധികർത്താവ് അല്ലാഹു ആണെങ്കിൽ അല്ലാഹുവിന്റെ ദീനിൽ പ്രവേശിച്ചു. ഇനി ഒരു രാജാവിനെയാണ് വിധികർത്താവായി സ്വീകരിച്ചതെങ്കിൽ രാജാവിന്റെ ദീനിൽ പ്രവേശിച്ചു. ഒരു പ്രത്യേക സമുദായത്തെയാണെങ്കിൽ ആ സമുദായത്തിന്റെ ദീനിലാണ് നിങ്ങൾ പ്രവേശിച്ചത്. ഇനി സ്വന്തം സമുദായത്തിന്റെയോ സ്വദേശക്കാരുടെയോ ഭൂരിപക്ഷത്തെയാണ് വിധികർത്താവായി സ്വീകരിക്കുന്നതെങ്കിൽ ആ ഭൂരിപക്ഷത്തിന്റെ ദീനിൽ പ്രവേശിച്ചു. ചുരുക്കത്തിൽ ആരെ അനുസരിക്കുക എന്ന മാല നിങ്ങൾ കഴുത്തിലിടുന്നുവോ യഥാർഥത്തിൽ അവരുടെ ദീനിലായിരിക്കും നിങ്ങൾ. ആരുടെ നിയമമനുസരിച്ച് നിരുപാധികം പ്രവർത്തിക്കുന്നുവോ അവർക്കായിരിക്കും വാസ്തവത്തിൽ നിങ്ങൾ ഇബാദത്തു ചെയ്യുന്നത്" (ഖുതുബാത്ത്/മൗദൂദി/പേജ് 264,265).

"എന്നാൽ, ക്വുർആന്റെ അവതരണവേളയിൽ സുഗ്രഹമായിരുന്ന ഈ പദങ്ങളുടെ മൗലികാശയങ്ങൾ പിൽക്കാല നൂറ്റാണ്ടുകളിൽ ക്രമേണ ക്രമേണ മാറിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, പ്രസ്തുത പദങ്ങൾക്ക് അവയുടെ വിശാലമായ അർഥം നഷ്ടപ്പെടുകയും അങ്ങേയറ്റം പരിമിതവും അവ്യക്തവുമായ ആശയങ്ങളിൽ അവ ഒതുങ്ങിപ്പോവുകയും ചെയ്തു. കളങ്കമറ്റ അറബിഭാഷാ ആസ്വാദനത്തിൽ സംഭവിച്ച അപചയമായിരുന്നു അതിനൊരു കാരണം. ക്വുർആന്റെ അവതരണവേളയിൽ അനിസ്‌ലാമിക സമൂഹത്തിൽ ഇലാഹ്, റബ്ബ്, ഇബാദത്ത്,

**വിശുദ്ധ ക്വുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തതാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്"(15:9). ഓരോ കാലഘട്ടത്തിലും ക്വുർആനിനെ മനസ്സിലാക്കാൻ പ്രാപ്തിയുള്ള പണ്ഡിതന്മാർ ലോകത്തുണ്ടായിട്ടുണ്ട്. അവരെല്ലാം തൗഹീദും ശിർക്കും തിരിയാത്തവരായിരുന്നു എന്ന കണ്ടെത്തൽ ആശ്ചര്യകരം തന്നെ!**

ദീൻ എന്നീ പദങ്ങൾക്ക് പ്രചാരത്തിലുണ്ടായിരുന്ന അർഥങ്ങൾ പിന്നീട് ഇസ്‌ലാമിക സമൂഹത്തിൽ ജനിച്ചു വളർന്നവരെ സംബന്ധിച്ചിടത്തോളം അവശേഷിച്ചിരുന്നില്ല എന്നതാണ് മറ്റൊരു കാരണം. ഈ രണ്ടു കാരണങ്ങളാൽ പിൽക്കാലത്തു വന്ന ഭാഷാ കൃതികളും വ്യാഖ്യാനഗ്രന്ഥങ്ങളും മിക്ക ക്വുർആനിക പദങ്ങളെയും അവയുടെ മൗലികമായ ഭാഷാർഥങ്ങൾക്കു പകരം അന്ന് മുസ്‌ലിംകൾ മനസ്സിലാക്കിയിരുന്ന അർഥങ്ങളിൽ വിശദീകരിച്ചുതുടങ്ങി" (ക്വുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ/മൗദൂദി/പേജ് 14,15).

"മുസൽമാന്മാരെ സംബന്ധിച്ചിടത്തോളം ഞാനിതാ അവരോട് തുറന്ന് പ്രസ്താവിക്കുന്നു; ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്‌ലാമിനും ഈമാനിനും കടകവിരുദ്ധ

മാണ്. നിങ്ങളതിന്റെ മുമ്പിൽ സർവാത്മനാ തലകുനിക്കുകയാണെങ്കിൽ നിങ്ങളുടെ വിശുദ്ധ ഖുർആനെ പിറകോട്ടു വലിച്ചെറിയലായിരിക്കും. നിങ്ങളിതിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും പങ്കുവഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതനോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. നിങ്ങളതിന്റെ കൊടിപിടിക്കുകയാണെങ്കിൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജദ്രോഹക്കൊടി ഉയർത്തലായിരിക്കും. ഏതൊരു പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളെന്നു നിങ്ങൾ സ്വയം അവകാശപ്പെടുന്നുണ്ടോ അതിന്റെ ആത്മാവും ഈ അവിശുദ്ധ വ്യവസ്ഥിതിയുടെ ആത്മാവും തമ്മിൽ തുറന്ന സമരത്തിലാണ്. അതിന്റെ മൗലികതത്ത്വങ്ങളും ഇതിന്റെ മൗലികതത്ത്വങ്ങളും തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്. അതിന്റെ ഓരോ ഘടകവും ഇതിന്റെ ഓരോ ഘടകവുമായി സന്ധിയില്ലാത്ത യുദ്ധമാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല. ആ വ്യവസ്ഥിതി അധികാരം വീഴുന്നിടത്ത് ഇസ്‌ലാം വെറും ജലരേഖയായിരിക്കും. ഇസ്‌ലാമിന് സ്വാധീനമുള്ള ദിക്കിൽ ആ വ്യവസ്ഥക്ക് സ്ഥാനവുമുണ്ടാവുകയില്ല. നിങ്ങൾ പരിശുദ്ധ ഖുർആനും തിരുദൂതരും ആവിഷ്കരിച്ച ഇസ്‌ലാമിലാണ് യഥാർഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ നിങ്ങൾ എവിടെയായിരുന്നാലും ശരി മതേതര ഭൗതിക സിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവവിശ്വാസത്തിലധിഷ്ഠിതമായ ആ മാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത മതകർത്തവ്യം മാത്രമാകുന്നു. നിങ്ങൾക്ക് ഒരു പ്രത്യേക ജനതയെന്ന നിലയിൽ സ്വാതന്ത്ര്യവും സ്വയം നിർണായാവകാശവും ലഭിക്കുന്നേടത്ത് വിശേഷിച്ചും. യഥാർഥ ഇസ്‌ലാമിക വ്യവസ്ഥിതിക്കു പകരം ഈ കുഫ്ർ വ്യവസ്ഥയാണ് നിങ്ങൾ സ്വന്തം കരങ്ങൾകൊണ്ട് നിർമിച്ചു നടത്തുന്നതെങ്കിൽപ്പിന്നെ നിങ്ങളോടെനിക്കൊന്നും പറയാനില്ല" (മതേതരത്വം, ദേശീയത്വം, ജനാധിപത്യം; ഒരു താത്വിക വിശകലനം/മൗദൂദി/പേജ് 25,26).



ആരാധന അല്ലാഹുവിന് മാത്രം എന്ന് പഠിപ്പിച്ച ഖുർആൻ അല്ലാഹുവല്ലാത്തവരെ അനുസരിക്കുന്നതിന്റെ വ്യത്യസ്ത ഇനങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. നബി(സ്വ), പണ്ഡിതന്മാർ, മാതാപിതാക്കൾ, അധ്യാപകർ, കൈകാര്യകർത്താക്കൾ എന്നിവർ അതിൽ ചിലതാണ്. ഇതിനെയെല്ലാം ശിർക്കും കുഫ്റുമാക്കാൻ തുനിഞ്ഞ മൗദൂദി സാഹിബ് മനസ്സിലാക്കേണ്ടിയിരുന്നു; ഖുർആനിൽ പരസ്പര വിരുദ്ധ ആശയങ്ങൾ ഉണ്ടാവുകയില്ലെന്ന്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക..."(4:59).

മഹാനായ യൂസുഫ് നബി(അ) അനിസ്‌ലാമിക ഭരണകൂടത്തിന് കീഴിൽ ഉയർന്ന ജോലി ചെയ്തതിനെപ്പറ്റി ഖുർആൻ പറയുന്നു: "അദ്ദേഹം (യൂസുഫ്)പറഞ്ഞു: താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും. അപ്രകാരം യൂസുഫിന് ആ ഭൂപ്രദേശത്ത്, അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത് താമസമുറപ്പിക്കാവുന്നവിധം നാം സ്വാധീനം നൽകി. നമ്മുടെ കാരുണ്യം നാം ഉദ്ദേശിക്കുന്നവർക്ക് നാം അനുഭവിപ്പിക്കുന്നു. സദ്‌വൃത്തർക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല" (12:55,56).

വിശ്വാസികൾക്ക് മാതൃകയായി ഖുർആൻ ഉപമിച്ച ആസ്യ ബീവി എല്ലാം സഹിച്ചും ക്ഷമിച്ചും ജീവിച്ചത് ഫിർഔനിന്റെ കൊട്ടാരത്തിലല്ലേ? ഇതു പ്രകാരം ഖുർആൻ ഒരു ഭാഗത്ത് ശിർക്കിനെയും കുഫ്റിനെയും മറ്റൊരിടത്ത് അതിനെതിരായതിനെയും സ്ഥാപിച്ചുവെന്ന് വരില്ലേ?

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു: "നബി(സ്വ)യുടെ പ്രബോധനം കേട്ട് അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണെന്ന് തിരിച്ചറിഞ്ഞ്, അദ്ദേഹത്തിലും അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുകയും കഴിവിന്റെ പരമാവധി അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്ത് അനിസ്‌ലാമിക നാട്ടിൽ ജീവിച്ചിരുന്ന

എല്ലാ അവിശ്വാസികളും അപ്രകാരം തന്നെയാണ്. നജ്ജാശിയെ പോലെയുള്ളവർ അതിനുള്ള ഉദാഹരണമാണ്. ഇസ്‌ലാമിക രാജ്യത്തേക്ക് പലായനം ചെയ്യാനോ, എല്ലാ നിയമങ്ങളും പാലിക്കാനോ അദ്ദേഹത്തിന് സാധിച്ചില്ല. അദ്ദേഹത്തിന് എല്ലാ മതവിധികളും പഠിപ്പിച്ചുകൊടുക്കാൻ പോലും ആരുമില്ലായിരുന്നു. എന്നാൽ പോലും സ്വർഗത്തിൽ പ്രവേശിക്കുന്ന സത്യവിശ്വാസികളിൽ അദ്ദേഹം ഉൾപ്പെടും. ഫിർഔന്റെ ആൾക്കാരിൽപ്പെട്ട-തന്റെ വിശ്വാസം മറച്ചുവെച്ചുകൊണ്ടിരുന്ന- (ക്വുർആൻ പരിചയപ്പെടുത്തിയ) ഒരു വിശ്വാസിയും, ഫിർഔനിന്റെ തന്നെ ഭാര്യയും അവിശ്വാസികളുടെ കൂടെ ഈജിപ്തിൽ ജീവിച്ച യൂസുഫ് നബിയുമൊക്കെ സമാനമായ ഉദാഹരണങ്ങളാണ്. യൂസുഫ് നബി(അ)ക്ക് അറിയുന്നതെല്ലാം പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. തൗഹീദിലേക്കും ഈമാനിലേക്കും അദ്ദേഹം അവരെ ക്ഷണിച്ചു. പക്ഷേ, അവർ തിരസ്കരിച്ചു" (മിൻഹാജുസ്സുന്ന അന്നബവിയ്യ).

വിശുദ്ധ ക്വുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തതാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്"(15:9).

ഓരോ കാലഘട്ടത്തിലും ക്വുർആനിനെ മനസ്സിലാക്കാൻ പ്രാപ്തിയുള്ള പണ്ഡിതന്മാർ ലോകത്തുണ്ടായിട്ടുണ്ട്. അവരെല്ലാം തൗഹീദും ശിർക്കും തിരിയാത്തവരായിരുന്നു എന്ന കണ്ടെത്തൽ ആശ്ചര്യകരം തന്നെ!

'വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു,' 'അല്ലാഹു അവതരിപ്പിച്ചു തന്നതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർതന്നെയാകുന്നു അവിശ്വാസികൾ,' 'ദുർമൂർത്തികളെ വെടിയുകയും ചെയ്യണം' എന്നീ വചനങ്ങളുടെ യഥാർഥ താത്പര്യത്തെ മൂടിവെച്ചാണ് ഈ സിദ്ധാന്തങ്ങൾ മൗദൂദി സാഹിബ് ഉണ്ടാക്കിയത്. ഉത്തമ തലമുറയല്ലേ ഇതിന്റെ ആദ്യശ്രോതാക്കൾ? അവർ എങ്ങനെയാണ് ഇത്തരം വചനങ്ങളെ മനസ്സിലാക്കിയത്?

അല്ലാഹു പറയുന്നു: "നിങ്ങൾ ഈ വിശ്വസിച്ചതുപോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞ് കളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ" (2:137).

ഇസ്‌ലാമിന്റെ ശത്രുക്കളായ ഖവാരിജുകൾ



ഇതേ വചനങ്ങളുമായി രംഗത്തിറങ്ങിയപ്പോൾ ഇബ്നു അബ്ബാസ്(റ), അലി(റ) എന്നിവർ അവരുടെ പൊള്ളത്തരം പൊളിച്ചത് ചരിത്രത്തിൽ കാണാം.

ക്വുർആനിന്റെ കാര്യത്തിൽ ആരെങ്കിലും ഭിന്നത കാണിച്ചാൽ അവർ പരീക്ഷണത്തിൽ പെടുമെന്നും അല്ലാഹു പറയുന്നു: "സത്യം വ്യക്തമാക്കിക്കൊണ്ട് അല്ലാഹു വേദഗ്രന്ഥം അവതരിപ്പിച്ചു കഴിഞ്ഞിട്ടുള്ളതിനാലാണത്. വേദഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ (സത്യത്തിൽനിന്ന്) അകന്ന മാത്സര്യത്തിലാകുന്നു തീർച്ച"(2:176).

ജമാഅത്തെ ഇസ്‌ലാമിക്കാർ ഈ വിഷയത്തിൽ അവരുടെ നവോത്ഥാനനായകനെ കണ്ണുചിമ്മി അനുകരിച്ച് കെണിയിൽപ്പെട്ടത് കാണുക:

"അല്ലാഹുവും റസൂലും നിർദേശിച്ചുതന്നിട്ടുള്ള സാന്മാർഗിക വ്യവസ്ഥയിൽനിന്നും മനു

ഷ്യരെ പിന്തിരിപ്പിക്കുന്ന ലീഡർ, പണ്ഡിത-പുരോഹിതർ, ദൈവേതരഭരണകൂടങ്ങൾ, അദൈവികകോടതികൾ നിഷിദ്ധവിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം തന്നെ ത്വാഗൂത്തുകളാണ്. ഇത്തരം ദുശ്ശക്തികളിൽനിന്നെല്ലാം മാനവ സമുദായത്തെ മനസാ വാചാ കർമണാ മോചിപ്പിക്കുകയും മുഴുവൻ അടിമത്തവും അനുസരണവും അല്ലാഹുവിൽ മാത്രം അർപ്പിച്ചുകൊണ്ട് അവന്ന് ഇബാദത്തു ചെയ്യിക്കുകയുമായിരുന്നു പ്രവാചകന്മാരുടെ മിഷ്യൻ" (ജമാഅത്തെ ഇസ്‌ലാമി; ലക്ഷ്യം, മാർഗം/അബുല്ലൈസ് ഇസ്‌ലാഹി നദ്‌വി/പേജ് 67).

1996 ഡിസംബർ വരെയുള്ള ഭേദഗതിയനുസരിച്ചുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പഴയ ഭരണഘടനയിലെ പ്രസക്ത ഭാഗങ്ങൾ കാണുക:

"ഉത്തരവാദിത്തങ്ങൾ, ഖണ്ഡിക 8. ഓരോ ജമാഅത്തംഗത്തിനും താഴെ വിവരിക്കുന്ന കാര്യങ്ങൾ നിർബന്ധമായിരിക്കും:

6. ദൈവികമല്ലാത്ത ഏതെങ്കിലും ഭരണവ്യവസ്ഥയിൽ താൻ വല്ല കുഞ്ചികസ്ഥാനവും വഹിക്കുന്നവനോ, അതിന്റെ നിയമനിർമാണ സഭയിലെ അംഗമോ, അതിന്റെ കോടതിവ്യവസ്ഥയിൻ കീഴിൽ ന്യായാധിപസ്ഥാനത്ത് നിയമിക്കപ്പെട്ടവനോ ആണെങ്കിൽ ആ സ്ഥാനം കൈയൊഴിക്കുക" (ഭരണഘടന/പേജ് 15,16).

**ഗവൺമെന്റ് അനുമതിയോടെ സംഘടന രൂപീകരിച്ചും അതിന്റെ ആനുകൂല്യങ്ങൾപറ്റി ജീവിച്ചും സ്ഥാപന സംവിധാനങ്ങൾ ഉണ്ടാക്കിയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രീയ പാർട്ടികൾ രൂപീകരിച്ചും മീഡിയ സൗകര്യങ്ങൾ വികസിപ്പിച്ചും ഉദ്യോഗങ്ങൾ സ്വീകരിച്ചും ഓടുന്ന കാഴ്ചയാണ് എവിടെയും. നിർബന്ധ സാഹചര്യത്തിന് വഴങ്ങിക്കൊണ്ടാണിതെല്ലാം ചെയ്യുന്നതെന്ന് പറഞ്ഞൊപ്പിക്കുമ്പോഴും ആദർശം ചോദ്യം ചെയ്യപ്പെടുന്നതിന് മുമ്പിൽ നേതാക്കന്മാർ വീർപ്പുമുട്ടുകയാണ്.**

ഉദ്ദിഷ്ട മാനദണ്ഡം, ഖണ്ഡിക: 9. ഓരോ ജമാഅത്ത് അംഗവും താഴെ വിവരിക്കുന്ന സംഗതികൾക്കായി പരിശ്രമിക്കേണ്ടതാണ്:

7. ദൈവികമല്ലാത്ത ഏതെങ്കിലും ഭരണവ്യവസ്ഥിതിയുടെ ഉപകരണമോ അതിന്റെ നിയമങ്ങളുടെ നടത്തിപ്പിൽ സഹായിയോ ആണെങ്കിൽ ആ അഹോവൃത്തി മാർഗത്തിൽനിന്ന് കഴിയുംവേഗം ഒഴിവാകുക" (ഭരണഘടന/പേജ് 17).

ഈ നിയമങ്ങൾ ഓരോ ജമാഅത്ത് അനുയായിക്കും നിർബന്ധമായത് പ്രസ്ഥാനത്തിന്റെ ആദർശം ഇതായത് കൊണ്ടല്ലേ? കേവല നയമായിരുന്നെങ്കിൽ നിബന്ധന വെക്കുന്നതിൽ എന്തർഥം? നിലപാടുകൾ ഈ കോലത്തിലായതിനാൽ കുറേ പേർ ഗവൺമെന്റ് ഉദ്യോഗങ്ങളിൽനിന്ന് രാജിവെച്ചു. പല നന്മകളോടും വിമുഖതയും നീരസവും കാണിച്ച് അകന്നുനിന്നു. 'പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്' എന്ന ഖുർആനിന്റെ (5:2) സന്ദേശത്തിന് ചെവികൊടുക്കാൻ ഇവർക്ക് സാധിച്ചില്ല. കെ.എം.മൗലവി(റഹ്), കെ. ഉമർ മൗലവി (റഹ്), കെ.പി മുഹമ്മദ് മൗലവി (റഹ്) എന്നീ പണ്ഡിതന്മാർ അതിശക്തമായിത്തന്നെ ഇവരുടെ ഈ തെറ്റായ വിശ്വാസങ്ങളെ പ്രമാണങ്ങളുടെ വെളിച്ചത്തിൽ നഖശിഖാന്തം എതിർത്തു.

അവരുടെ ഉദ്ദേശ്യം നല്ലതായിരുന്നുവെന്നും അവരാണ് ശരിയെന്നും ഇവരുടെ ആദർശമാറ്റത്തിലൂടെ തെളിയുകയാണ്. അല്ലാഹു പറഞ്ഞത് ഇവിടെ നാം ഓർക്കണം: "അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു" (13:17)

കേരളത്തിൽ ഈ ആദർശ മുഖത്തോടെ ജമാഅത്തുകാർ പ്രവർത്തിക്കുമ്പോഴും അതിന് വിപരീതമായ മറ്റൊരു മുഖവും അവർ പുറത്തുകാട്ടി. ഗവൺമെന്റ് അനുമതിയോടെ സംഘടന രൂപീകരിച്ചും അതിന്റെ ആനുകൂല്യങ്ങൾപറ്റി ജീവിച്ചും സ്ഥാപന സംവിധാനങ്ങൾ ഉണ്ടാക്കിയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രീയ പാർട്ടികൾ രൂപീകരിച്ചും മീഡിയ സൗകര്യങ്ങൾ വികസിപ്പിച്ചും ഉദ്യോഗങ്ങൾ സ്വീകരിച്ചും ഓടുന്ന കാഴ്ചയാണ് എവിടെയും. നിർബന്ധ സാഹചര്യത്തിന് വഴങ്ങിക്കൊണ്ടാണിതെല്ലാം ചെയ്യുന്നതെന്ന് പറഞ്ഞൊപ്പിക്കുമ്പോഴും ആദർശം ചോദ്യം ചെയ്യപ്പെടുന്നതിന് മുമ്പിൽ നേതാക്കന്മാർ വീർപ്പുമുട്ടുകയാണ്. ഭരണഘടനയിലെ പുതിയ ആദർശം നമുക്ക് വായിക്കാം:

"(ഖണ്ഡിക: 8) 6. ഭരണകൂടത്തിൽ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ അതിന്റെ നീതിന്യായ വ്യവസ്ഥയിൽ ന്യായാധിപസ്ഥാനം വഹിക്കുകയോ ഏതെങ്കിലും

നിയമനിർമാണ സഭയിൽ അംഗമായിരിക്കുകയോ ആണെങ്കിൽ സത്യത്തിനും നീതിക്കും വിരുദ്ധമായ യാതൊന്നും പ്രവർത്തിക്കാതിരിക്കുക" (പേജ് 10).

(ഖണ്ഡിക:9) 7. ദീനിന്റെ വിധിവിലക്കുകളിൽ നിഷ്ഠ പുലർത്തുകയും അത്യാവശ്യമുണ്ടെങ്കിലല്ലാതെ ഇടപാടുകളുടെ തീർപ്പിന്നായി കോടതികളെ സമീപിക്കാതിരിക്കുകയും ചെയ്യുക" (പേജ് 12).

**പ്രവൃത്തിപഥത്തിൽ എഴുപത്തിയഞ്ച് വയസ്സ് പൂർത്തിയായപ്പോൾ ജമാഅത്ത് നേതൃത്വം പ്രായം തെളിയിച്ചിരിക്കുന്നു എന്നു പറയാം. കാരണം പഴയ ആദർശത്തെ പൂർണമായും തച്ചുടച്ച് പുതിയത് വാർത്തുണ്ടാക്കിയിരിക്കുന്നു. അണികൾ തലചൊറിഞ്ഞ് ഇളകിവരാതിരിക്കാൻ വേണ്ടിയാകാം ആദർശ മാറ്റത്തെ നയമാറ്റമാക്കി അവതരിപ്പിച്ചത്. തൗഹീദുള്ളവരെ ശിർക്കിലും കുഫ്‌റിലുമാക്കി ഇവർ നാടുനീളെ നടത്തിയ പ്രചാരണങ്ങൾ കുറച്ചൊന്നുമല്ല.**

പ്രവൃത്തിപഥത്തിൽ എഴുപത്തിയഞ്ച് വയസ്സ് പൂർത്തിയായപ്പോൾ ജമാഅത്ത് നേതൃത്വം പ്രായം തെളിയിച്ചിരിക്കുന്നു എന്നു പറയാം. കാരണം പഴയ ആദർശത്തെ പൂർണമായും തച്ചുടച്ച് പുതിയത് വാർത്തുണ്ടാക്കിയിരിക്കുന്നു.

അണികൾ തലചൊറിഞ്ഞ് ഇളകിവരാതിരിക്കാൻ വേണ്ടിയാകാം ആദർശ മാറ്റത്തെ നയമാറ്റമാക്കി അവതരിപ്പിച്ചത്. തൗഹീദുള്ളവരെ ശിർക്കിലും കുഫ്‌റിലുമാക്കി ഇവർ നാടുനീളെ നടത്തിയ പ്രചാരണങ്ങൾ കുറച്ചൊന്നുമല്ല. സത്യസന്ധമായി പ്രബോധന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സലഫികൾ ഈ മാറ്റത്തെ മാന്യമായി വിചാരണ ചെയ്തപ്പോൾ നിലവിലെ അമീർ മുജീബ് റഹ്മാൻ സാഹിബിന്റെ പ്രതികരണം വന്നതുകൂടി കാണുക:

"രണ്ട് നിരോധനങ്ങളെ സംഘടന നേരിട്ടത് ജനാധിപത്യ സംവിധാനത്തിലെ നിയമങ്ങളുപയോഗിച്ചാണ്. അതിനെല്ലാം ശേഷം സംഘടന ഒട്ടേറേ ജനകീയ വിഷയങ്ങളിൽ ഇടപെട്ടു. ഇപ്പോൾ ഭരണഘടനാഭേദഗതി ചർച്ചയാവുന്നതിന്റെ സാംഗത്യം മനസ്സിലാവുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ദൈവികേതരമായ ഭരണത്തിനു കീഴിൽ ജോലി ചെയ്യരുതെന്നും ജനാധിപത്യം ദൈവിക വിരുദ്ധമാണെന്നുമായിരുന്നു ആദ്യകാലത്ത് സംഘടനയുടെ നിലപാട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുപ്പുകളിൽനിന്നും സർക്കാർ ജോലിയിൽനിന്നുമൊക്കെ പ്രവർത്തകർ വിട്ടുനിന്നു. എന്നാൽ ഇന്ത്യയിൽ ഇതിന്റെ അപ്രായോഗികത തിരിച്ചറിഞ്ഞ് വളരെ നേരത്തേതന്നെ സംഘടന നിലപാടിൽ മാറ്റം വരുത്തി" (മാതൃഭൂമി).

മൗദൂദിയുടെ ആശയം പേറി പൊറുതിമുട്ടിയ ഇവർ അദ്ദേഹത്തിന്റെ കാര്യത്തിൽ പറഞ്ഞത് 'മൗദൂദി ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനാണ്, അവസാനവാക്കല്ല' എന്നാണ്. ഒരു അമീർ അനുഭവിക്കുന്ന ആശയപരമായ അവശതയെന്നല്ലാതെ മറ്റെന്തു പറയാൻ! ആദർശത്തെ ഉറപ്പിക്കാൻ കഴിയാതെ ജാള്യതയിലായ നേതാക്കൾ ഓർക്കേണ്ടത് അല്ലാഹുവിന്റെ ആഹ്വാനത്തെയാണ്. ക്വുർആൻ പറയുന്നു: "നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ. വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (3:104,105).

അല്ലാഹു സമ്പൂർണമാക്കിയ ദീനിനെ അവഹേളിക്കുംവിധം സമൂഹത്തിലിറങ്ങി ആശങ്ക പരത്തിയവർക്കുണ്ടായ ഈ തിരിച്ചറിവിനെ മുൻനിറുത്തി ചോദിക്കട്ടെ; ഇതിന് ജന്മം നൽകിയ മൗദൂദിയെക്കുറിച്ച് നിങ്ങൾ എന്ത് വിധിയെഴുതും? അമീറും കൂട്ടരും പറയുന്നതെല്ലാം ശരിയെന്നു വിചാരിച്ച് കൂടെ നിൽക്കുന്നവരെ ഈ ആദർശമാറ്റം പഠിപ്പിക്കുമോ? വികലമായ ആദർശം സ്ഥാപിക്കുവാനായി ദുർവ്യാഖ്യാനിച്ച നിരവധി ആയത്തുകളുടെ ശരി സമുദായത്തോട് വിളിച്ച് പറയുമോ?

ഈ ആശയം ഊട്ടിയുറപ്പിക്കുന്നതിനായി രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ പിൻവലിക്കുമോ? പ്രമാണങ്ങളെ ശ്രദ്ധിക്കാതെ പുതിയ വിശ്വാസം മെനഞ്ഞ് മുന്നോട്ടു പോയ (ശിർക്ക്-ബിദ്അത്തുകളിലകപ്പെട്ട) സമസ്തക്കാർക്ക് തങ്ങളുടെ ആദർശത്തിൽ പിഴവ് പറ്റിയിട്ടുണ്ടെന്ന് ബോധ്യപ്പെടാൻ നൂറു വർഷമെടുത്തെങ്കിൽ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് എഴുപത്തിയഞ്ചാം വർഷത്തിൽ തിരിച്ചറിയാൻ കഴിഞ്ഞു എന്നത് അഭിനന്ദനീയമാണ്.

അല്ലാഹുവിനെ ദീൻ പഠിപ്പിക്കുക എന്ന പണി അടിമകളുടെ മേൽ ഏൽപിക്കപ്പെട്ടിട്ടില്ല. ക്വുർആൻ പറയുന്നു: "നീ പറയുക: നിങ്ങളുടെ മതത്തെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു" (49:16).

തെസ്ന വീരാൻ



# പുതുവർഷവും വിടപറയുന്ന വർഷവും

അസ്തമയത്തോടടുത്ത ‘2023’,
തിട്ടപ്പെടുത്തിയ ആയുസ്സിന്റെ
പുസ്തകത്തിൽനിന്നും
ഒരേടും പറിച്ചുകൊണ്ടാണു മടക്കം!
കഴിഞ്ഞ കലണ്ടറിൽ, എന്നെ
നോക്കുന്ന അക്കങ്ങളിലെ
നേട്ടങ്ങളും നഷ്ടങ്ങളും
ഇഷ്ടങ്ങളും പിണക്കങ്ങളും
എന്റേത് മാത്രമെന്ന്
എന്നോടു പറയുന്നു!
എന്റേത് തന്നെയാണല്ലോ
ഞാൻ പഠിച്ച പാഠങ്ങൾ,
ഞാൻ കണ്ടെത്തിയ വഴികൾ,
ഞാൻ പിന്നിട്ട ദൂരങ്ങൾ.
കൂടെ നിഴലായവരും
പുറകെ ഞാനുണ്ടെന്നു പറഞ്ഞ്
വിജനതയിലേക്ക് തള്ളിയിട്ടവരും
വീണിടത്തുനിന്നും എഴുന്നേൽക്കാൻ
വിരൽത്തുമ്പ് നീട്ടിയവരും ഏറെയുണ്ട്!
നന്മകളും സ്നേഹവും നന്ദിയും
എന്റേതായി നിങ്ങളിൽ എന്നുമുണ്ടാകും.
ജന്മം തന്നവരും കൂടെപ്പിറപ്പുകളും
പ്രിയപ്പെട്ടവനും ബന്ധുക്കളും
നാട്ടുകാരും കൂട്ടുകാരും എനിക്കേയിയ
കരുത്ത് എന്റെ ഹൃദയത്തിൽ
എത്രയോ ആഴങ്ങളിലാണ്.
മഞ്ഞുതുള്ളി പോലെ ഇറ്റുവീഴാൻ
വെമ്പി നിൽക്കുന്ന വർഷമേ,
എനിക്കു നിന്നിലൂടെ നാഥൻ നീട്ടിയത്
ആത്മാർഥ സൗഹൃദങ്ങളുടെ അർഥങ്ങളും
അഹങ്കാരത്തിന്റെ കറുത്ത
മനസ്സുകളിൽനിന്നുള്ള പാഠങ്ങളുമാണ്.
എല്ലാ വർഷങ്ങളും ആരംഭം കുറിക്കുന്നത്
ശുഭ പ്രതീക്ഷകളും സുന്ദര സ്വപ്നങ്ങളും
മനസ്സിനു നൽകിക്കൊണ്ടാണ്.
നാളെയും ഞാൻ ഞാനാണ്,
പുതുവർഷത്തിലും പോയ-
വർഷങ്ങളിലും അങ്ങനെത്തന്നെ.
പ്രതീക്ഷകൾ വച്ചുപുലർത്താം,
പ്രതിസന്ധികളിൽനിന്നും
തലയുയർത്തി നിൽക്കാൻ
കരുത്തു നൽകുന്നത്
പ്രതീക്ഷകളാണല്ലോ.
ചുമരിൽ തൂങ്ങാൻ തിടുക്കം കാട്ടുന്ന
പുതു കലണ്ടറിൽ ഒരുപക്ഷേ,
ഏതെങ്കിലും ഒരക്കത്തിൽ
എത്തുമ്പോഴായിരിക്കാം
ഈ യാത്രയുടെ അന്ത്യം.
പ്രവചിക്കാനാവില്ലല്ലോ,
നാഥന്റെ തീരുമാനമെപ്പോഴെന്ന്.
പകർച്ചവ്യാധികളും മാറാരോഗങ്ങളും
വരൾച്ചയും വെള്ളപ്പൊക്കവും
യുദ്ധവും കലാപങ്ങളുമില്ലാത്ത
പുതുവർഷത്തിനായി പ്രാർഥിക്കാം.
വറ്റാത്ത കാരുണ്യത്തിനുടവനല്ലാതെ
ആരുണ്ട് നമുക്ക് ചോദിക്കുന്നതെന്തും
തരുന്നവനായിട്ട്!

■

ഡോ. ഷാനവാസ്, ഫ്ലോറിഡ
drshanavascmc@gmail.com



### സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും 10

# ജീവന്റെ ഉൽപത്തി

**ജീവൻ ഭൂമിയിൽ എങ്ങനെ രൂപപ്പെട്ടു എന്നുള്ളത് ഇന്നും ശാസ്ത്രജ്ഞന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണ്. എന്നാൽ ജീവനില്ലാത്ത അവസ്ഥയിൽനിന്നും ജീവന്റെ കണികകൾ വിവിധ പ്രക്രിയകളിലൂടെ രൂപപ്പെട്ടുവന്നതാണ് എന്നതിൽ ഭിന്നാഭിപ്രായമില്ല. ഇന്ന് നാം കാണുന്ന രീതിയിൽ ജീവയോഗ്യമായിരുന്നില്ല ആദിയിലെ ഭൂമി എന്ന വിഷയത്തിലും സംശയമില്ല.**

മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്കിനെക്കുറിച്ചുകൂടി ചില കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. അതിനു ശേഷം ജീവന്റെ ഉൽപത്തിയെക്കുറിച്ച് പറയാം.

ത്വക്കിന്റെ നിറം വ്യത്യസ്ത ആളുകളിൽ വ്യത്യസ്തമാണ്. ത്വക്കിൽ അടങ്ങിയിരിക്കുന്ന മെലാനിൻ എന്ന ഘടകത്തിന്റെ തോതനുസരിച്ചാണ് ത്വക്കിന് വ്യത്യസ്ത നിറങ്ങൾ കൈവരിക്കാൻ സാധിക്കുന്നത്. എന്നാൽ മനുഷ്യന് രൂപവും നിറവും നൽകുക എന്നത് മാത്രമാണോ ഈ അവയവത്തിന്റെ ജോലി? അല്ല, മറിച്ച് സുപ്രധാനമായ ധാരാളം ജോലികൾ ത്വക്കിനുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു:

1. സ്പർശനം അറിയുക (sensation).
2. മാലിന്യങ്ങൾ പുറത്തു കളയുക (excretion of waste products).
3. ശരീരത്തിന്റെ താപം നിയന്ത്രിക്കുക (temperature control).

“തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തു പോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചുകൊണ്ടിരിക്കാൻ വേണ്ടിയാണത്...” (4:56).

ഒരാൾക്ക് തീപ്പൊള്ളുമ്പോൾ കഠിനമായ വേദന അനുഭവപ്പെടുന്നു. ഇതിനു കാരണം തൊലിയിലുള്ള പ്രത്യേക ഞരമ്പുകളും (nerves) അവയുടെ സ്വീകാര്യപ്രതലങ്ങളുമാണ്. ഇവ സ്ഥിതിചെയ്യുന്നത് തൊലിയുടെ ഡെർമിസ് (dermis) അല്ലെങ്കിൽ എപ്പിഡെർമിസ് (epidermis) എന്ന ഭാഗത്താണ്. തീപൊള്ളലുണ്ടാകുമ്പോൾ ഈ പ്രതലങ്ങൾ ചൂടിനെയും വേദനയെയും കണ്ടെത്തുകയും ഞരമ്പുകളുടെ ആഗമനമാർഗത്തിലൂടെ (afferent pathway) സു



ഷുംനയിലേക്ക് (spinal cord) എത്തിക്കുകയും ചെയ്യുന്നു. ഇവിടെനിന്നും ഈ നിർദേശങ്ങൾ മസ്തിഷ്കത്തിലെ തലാമസ് (thalamus)എന്ന ഭാഗത്തെത്തും. അവിടെ നിന്നും ഈ നിർദേശങ്ങൾ മസ്തിഷ്കത്തിലെ സ്പർശനകേന്ദ്രത്തിൽ (sensory cortex) എത്തുന്നു. അതിന്റെ ഫലമായാണ് നമുക്ക് ചൂടും വേദനയും അനുഭവപ്പെടുന്നത്.

എന്നാൽ ഒരാൾക്ക് ശക്തമായ തീപ്പൊള്ളലേറ്റു, ശരീരത്തിലെ ഒരു ഭാഗത്തെ മുഴുവൻ തൊലിയും നശിച്ചുപോയി എന്നു വയ്ക്കുക. അങ്ങനെവന്നാൽ തൊലിയുടെകൂടെ അതിൽ അടങ്ങിയിരിക്കുന്ന മുഴുവൻ ഞരമ്പുകളും സ്പർശന പ്രതലങ്ങളും നശിക്കപ്പെടുന്നു. അതായത് ആ ഭാഗത്തുനിന്നും ചൂടും വേദനയും തലച്ചോറിലേക്ക് എത്തിക്കാനുള്ള സുപ്രധാനമായ മാർഗങ്ങൾ ഇല്ലാതായി. അതിനാൽ അയാൾക്ക് ആദ്യത്തെപോലുള്ള ചൂടും വേദനയും ഉണ്ടാവുന്നില്ല. എന്നാൽ കരിഞ്ഞുപോയ തൊലിക്കു പകരം പുതിയ തൊലി രൂപപ്പെട്ടുവന്നാൽ അയാൾക്ക് ആദ്യത്തെപോലെത്തന്നെ ശക്തമായ ചൂടും വേദനയും അനുഭവപ്പെട്ടു തുടങ്ങും.

### ചൂട്, വേദന എന്നിവയുടെ സ്പർശന മാർഗം




### ജീവന്റെ ഉൽപത്തി (The Origin of Life)

ജീവൻ ഭൂമിയിൽ എങ്ങനെ രൂപപ്പെട്ടു എന്നുള്ളത് ഇന്നും ശാസ്ത്രജ്ഞന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണ്. എന്നാൽ ജീവനില്ലാത്ത അവസ്ഥയിൽനിന്നും ജീവന്റെ കണികകൾ വിവിധ പ്രക്രിയകളിലൂടെ രൂപപ്പെട്ടുവന്നതാണ് എന്നതിൽ ഭിന്നാഭിപ്രായമില്ല. ഇന്ന് നാം കാണുന്ന രീതിയിൽ ജീവയോഗ്യമായിരുന്നില്ല ആദിയിലെ ഭൂമി എന്ന വിഷയത്തിലും സംശയമില്ല.

"...നിങ്ങൾ നിർജീവ വസ്തുക്കളായിരുന്ന അവസ്ഥയ്ക്കു ശേഷം അവൻ നിങ്ങൾക്ക് ജീവൻ നൽകി" (ക്വുർആൻ 2:28).

"...ജീവനില്ലാത്തതിൽ നിന്ന് നീ ജീവിയെ പുറത്തുവരുത്തുന്നു. ജീവിയിൽനിന്ന് ജീവനില്ലാത്തതിനെയും നീ പുറത്തുവരുത്തുന്നു" (3:27).

"ജീവനില്ലാത്തതിൽ നിന്നും ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്?..."(10:31).

ജീവനില്ലാത്തതിൽ നിന്നും ജീവൻ രൂപപ്പെടുന്ന പ്രതിഭാസ

"...വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (21:30). വിഖ്യാതനായ ചാൾസ് ഡാർവിൻ 'ഒറിജിൻ ഓഫ് ലൈഫ്' എന്ന തന്റെ ഗ്രന്ഥത്തിൽ ജീവന്റെ ഉൽപത്തിയെ കുറിച്ച് വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ജീവൻ രൂപപ്പെട്ടത് ചൂടേറിയ ഒരു ചെറിയ പൊയ്കയിൽ (a warm little pond) ആണ്. ജീവൻ രൂപപ്പെടാൻ ആവശ്യമായ ജൈവകണങ്ങളും അജൈവകണങ്ങളും പ്രകാശവും ഊർജവും അതിലുണ്ടായിരുന്നു.

ത്തെയാണ് അബയോജനിസിസ് (abiogenesis) എന്നുവിളിക്കുന്നത്. ഏതൊരു ജൈവ കണികയും (organic molecule) അജൈവ കണികകളിൽ (inorganic molecule) നിന്നും സൃഷ്ടിക്കപ്പെട്ടതാണ് എന്നതിൽ സംശയമില്ല.

ഉദാഹരണത്തിന് ജൈവ കണികകളായ മാംസ്യത്തെയെടുക്കാം. മാംസ്യം (protein) ഉണ്ടാക്കപ്പെട്ടിട്ടുള്ളത് അജൈവ കണികകളായ കാർബൺ, ഹൈഡ്രജൻ, നൈട്രജൻ എന്നിവയിൽ നിന്നാണല്ലോ. മാംസ്യത്തെയും അന്നജത്തെയും (carbohydrates) കൊഴുപ്പിനെയും (lipids) ജൈവ കണങ്ങൾ എന്ന് വിളിക്കുന്നുണ്ടെങ്കിലും അവയ്ക്ക് ആ അവസ്ഥയിൽ ജീവനില്ല എന്ന കാര്യത്തിൽ സംശയമില്ല. പൂർണമായും മനസ്സിലായിട്ടില്ലെങ്കിലും, വളരെ സങ്കീർണമായ ചില പ്രക്രിയകളിലൂടെയാണ് ഇവയ്ക്ക് ജീവൻ രൂപപ്പെട്ടത് എന്നു കരുതപ്പെടുന്നു.

പ്രധാനമായും രണ്ട് ശാസ്ത്രീയ സിദ്ധാന്തങ്ങളാണ് (theories/hypothesis) ഈ അബയോജനിസിസിനെ പിന്താങ്ങുന്നത്. അതിൽ പ്രധാനം 1952ൽ നടന്ന വിഖ്യാതമായ മില്ലർ-യുറേ പരീക്ഷണം (Miller-Urey experiment) ആണ്. മില്ലർ, യുറേ എന്നീ ശാസ്ത്രജ്ഞന്മാർ പരീക്ഷണശാലയിൽ കൃത്രിമമായി പൗരാണിക അന്തരീക്ഷം സൃഷ്ടിക്കുകയും അജൈവ കണികകളിൽനിന്നും ജൈവമൂലകങ്ങൾ ഉണ്ടാക്കുകയും ചെയ്തു.




**മില്ലർ-യുറേ പരീക്ഷണം**

അജൈവ കണങ്ങൾ (non-organic simple chemical)
( $CH_4$ / $H_2$ / $NH_3$)

↓ Favourable environment
(അനുകൂല കാലാവസ്ഥ)

സങ്കീർണമായ ജൈവ കണങ്ങൾ ( complex organic molecule)
(eg: amino-acids)

↓

ജീവനുള്ള കോശം (living cell)
(eg: amino-bacteria)

ABIOGENESIS

## പാൻസ്പേർമിയ

മറ്റൊരു സിദ്ധാന്തം പാൻസ്പേർമിയ (Panspermia) സിദ്ധാന്തമാണ്. ഇതനുസരിച്ച് ജീവന്റെ വളരെ ചെറിയ രൂപങ്ങൾ (microscopic life) ആദ്യം ഭൂമിക്കു പുറത്ത് രൂപപ്പെടുകയുണ്ടായി. അതിന് സഹായിക്കുന്ന സങ്കീർണമായ ജൈവകണങ്ങൾ സൗരയൂഥത്തിൽ ഉണ്ടായിരുന്നു. ജീവന്റെ ഈ ചെറിയ രൂപങ്ങൾക്ക് അതികഠിനമായ ചൂടും തണുപ്പും അതിജീവിക്കാനുള്ള കഴിവും ഉണ്ടായിരുന്നു.



ഗ്രഹങ്ങൾ തമ്മിലുള്ള കൂട്ടിമുട്ടലിന്റെ ഫലമായി ഇവ പിന്നീട് ഭൂമിയിൽ നിക്ഷേപിക്കപ്പെട്ടു. പിന്നീട് അനുകൂല സാഹചര്യങ്ങൾ സംജാതമായപ്പോൾ അവ സജീവമാകുകയും ചെയ്തു.

ഇന്ന് നാം ഭൂമിയിൽ കാണുന്ന പല ബാക്ടീരിയകളും അതികഠിനമായ ചൂടിനെയും (>110°C) തണുപ്പിനെയും (<18°C) അതിജീവിക്കാൻ കഴിവുള്ളവയാണല്ലോ. മാത്രമല്ല, ദ്രാവക നൈട്രജന്റെ സഹായത്തോടെ ഇവയെ വളരെ താഴ്ന്ന താപനിലയിൽ (196°C) നശിക്കാതെ സൂക്ഷിക്കാൻ പറ്റുന്നതും പാൻസ്പേർമിയ സിദ്ധാന്തത്തിന് വലിയ പ്രാധാന്യം നൽകി.

"അവൻതന്നെയാണ് വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്..." (ഖുർആൻ 25:54).

"...വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (21:30).

വിഖ്യാതനായ ചാൾസ് ഡാർവിൻ 'ഒറിജിൻ ഓഫ് ലൈഫ്' എന്ന തന്റെ ഗ്രന്ഥത്തിൽ ജീവന്റെ ഉൽപത്തിയെ കുറിച്ച് വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ജീവൻ രൂപപ്പെട്ടത് ചൂടേറിയ ഒരു ചെറിയ പൊയ്കയിൽ (a warm little pond) ആണ്. ജീവൻ രൂപപ്പെടാൻ ആവശ്യമായ ജൈവകണങ്ങളും അജൈവകണങ്ങളും പ്രകാശവും ഊർജവും അതിലുണ്ടായിരുന്നു.

1920ൽ റഷ്യൻ ശാസ്ത്രജ്ഞനായ ഒപാരിനും ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ഹാൾഡേനും പരസ്പര സാമ്യമുള്ള ഒരു സിദ്ധാന്തം രൂപപ്പെടുത്തി. ഇതനുസരിച്ച് പടിപടിയായുള്ള ഒരു പ്രക്രിയയിലൂടെ, അജൈവ കണങ്ങളിൽനിന്നുമാണ് ജീവൻ രൂപപ്പെട്ടത്. ആദിയിലെ ഭൂമിയിൽ ഓക്സിജന്റെ സാന്നിധ്യം വളരെ കുറവായിരുന്നു. ഈ സാഹചര്യത്തിൽ (reducing atmosphere) അജൈവകണങ്ങൾ കൂടിച്ചേർന്ന് ജൈവകണങ്ങളുടെ ഒരു മിശ്രിതം(primordial soup) രൂപപ്പെട്ടു. ഈ മിശ്രിതത്തിൽനിന്നും കൂടുതൽ സങ്കീർണമായ മൂലകങ്ങൾ (complex polymers) ഉണ്ടാവുകയും ചെയ്തു. ഇവക്ക് സ്വയം നിലനിൽക്കാനും വിഘടിക്കാനുമുള്ള കഴിവ് ഉണ്ടായിരുന്നു. ഒപാരിന്റെ വീക്ഷണത്തിൽ ഇവ പരസ്പരം കൂടിച്ചേരുകയും (clustering) ഉപാപചയങ്ങൾ (metabolism) നടത്തുകയും ചെയ്തു. എന്നാൽ ഹാൾഡേനിന്റെ അഭിപ്രായത്തിൽ ഇവയ്ക്കുചുറ്റും സംരക്ഷണ ആവരണങ്ങൾ രൂപപ്പെടുകയും അവ കോശങ്ങളായി മാറുകയും ചെയ്തു.

പിന്നീട് 1953ൽ മില്ലർ, യുറേ എന്നീ ശാസ്ത്രജ്ഞന്മാർ പരീക്ഷണശാലയിൽ കൃത്രിമമായി അജൈവകണങ്ങളിൽനിന്നും ജൈവകണങ്ങൾ ഉണ്ടാക്കുന്നതിൽ വിജയിച്ചു. ഇത് ഒപാരിന്റെയും ഹാൾഡെനിന്റെ യും സിദ്ധാന്തത്തിന് വലിയ പിന്തുണ നൽകി.

ഉസ്മാൻ പാലക്കാഴി
:97473 45768

# എന്താണ് ആത്മാവ്?

അബ്ദുല്ല(റ) നിവേദനം: "ഞാൻ ഒരിക്കൽ നബി(സ്വ)യോടൊപ്പം മദീനയിലെ വിജനമായ പ്രദേശത്തിലൂടെ നടക്കുകയായിരുന്നു. അവിടുന്ന് തന്റെ കൈയിലുള്ള ഈത്തപ്പനപ്പട്ടയുടെ ഒരു വടി നിലത്ത് ഊന്നിക്കൊണ്ടാണ് നടന്നിരുന്നത്. അങ്ങനെ തിരുമേനി(സ്വ) ഒരു സംഘം ജൂതന്മാരുടെ മുമ്പിലെത്തി. അപ്പോൾ അവർ പരസ്പരം പറഞ്ഞു: 'നിങ്ങൾ അവനോട് ആത്മാവിനെക്കുറിച്ച് ചോദിച്ചുനോക്കുവിൻ.' ചിലർ പറഞ്ഞു: 'ചോദിക്കരുത്. ചോദിച്ചാൽ നമുക്ക് അനിഷ്ടകരമായ എന്തെങ്കിലും അവൻ കൊണ്ടുവരും.' മറ്റുചിലർ പറഞ്ഞു: 'നിശ്ചയം, ഞങ്ങൾ ചോദിക്കുകതന്നെ ചെയ്യും.' അങ്ങനെ അവരിൽ ഒരാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഓ! അബുൽകാസിം, എന്താണ് ആത്മാവ്?' അവിടുന്ന് മൗനം ദീക്ഷിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'നിശ്ചയം, നബി(സ്വ)ക്ക് ദിവ്യസന്ദേശം ലഭിക്കുകയാണ്.' എന്നിട്ട് ഞാൻ അവിടെത്തന്നെ നിന്നു. അങ്ങനെ ആ പ്രത്യേക പരിതസ്ഥിതി തിരുമേനിയെ വിട്ടുമാറിയപ്പോൾ അവിടുന്ന് ഇപ്രകാരം പാരായണം ചെയ്തു: 'ആത്മാവിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാണ്. അറിവിൽനിന്ന് അൽപമല്ലാതെ അവർക്ക് നൽകപ്പെട്ടിട്ടില്ല" (ബുഖാരി).

മനുഷ്യൻ സ്രഷ്ടാവിന്റെ സവിശേഷ സൃഷ്ടിയാണ്. മറ്റു ജീവജാലങ്ങൾക്കൊന്നുമില്ലാത്ത കഴിവുകൾ സ്രഷ്ടാവ് അവനു നൽകിയിട്ടുണ്ട്. വിശേഷബുദ്ധിയുപയോഗിച്ചുകൊണ്ട് അറിവിന്റെ ചക്രവാളം വികസിപ്പിക്കുവാൻ മനുഷ്യനു കഴിയും. ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ ഇക്കാര്യം ബോധ്യപ്പെടുത്തുന്നു. ഒരു കാലത്ത് സ്വപ്നം കാണുവാൻ പോലും സാധിക്കാത്ത കാര്യങ്ങൾ ഇന്ന് അവന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു! ഈ നേട്ടങ്ങളുടെ പിൻബലത്തിൽ മനുഷ്യൻ അഹങ്കാരത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ട് ദൈവത്തെപോലും വെല്ലുവിളിക്കുവാൻ ധൈര്യം



കാണിക്കുകയും ചെയ്യുന്നു.

മനുഷ്യന് ഉത്തരം കണ്ടെത്തുവാൻ സാധിക്കാത്ത അനേകം പ്രതിഭാസങ്ങളും വസ്തുതകളുമുണ്ട്. അതിലൊന്നാണ് ആത്മാവ്. ശാസ്ത്രത്തിന്റെ കണ്ണിൽ അങ്ങനെയൊന്നില്ല. പ്രകാശം എന്താണെന്ന് നിർവചിക്കുവാനും വിദ്യുച്ഛക്തിയെ നേരിൽ കാണുവാനും മനുഷ്യന് സാധിക്കുമോ? ഇവയെ നാം മനസ്സിലാക്കുന്നത് ഇവയുടെ സ്വഭാവത്തിൽനിന്നാണ്. സത്ത എന്താണെന്നത് അജ്ഞാതമാണ്. ഇതുപോലെയാണ് ആത്മാവും. മനുഷ്യൻ മരിക്കാനുള്ള ഭൗതിക കാരണം എന്താണ്? ഇന്നതാണെന്ന് ഒരു ഡോക്ടർ പറയും. എങ്കിൽ മരണപ്പെട്ടവരെ ജീവിപ്പിക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? മരിക്കാനുള്ള കാരണങ്ങൾ പരിഹരിച്ചാൽ ജീവൻ ഉണ്ടാകേണ്ടതല്ലേ? ഇതിൽനിന്നും ഭൗതികശരീരം എന്ന വശം മാത്രമല്ല മനുഷ്യനുള്ളത്; ആത്മീയ ചൈതന്യം എന്നതുകൂടി ഉണ്ടെന്നത് വളരെ വ്യക്തമാണ്. ഈ ചൈതന്യം നഷ്ടപ്പെട്ടാൽ മരിക്കുന്നു. ഭൗതികകാരണവും അതോടൊപ്പം സംഭവിക്കുന്നു. ഭൗതിക ശരീരത്തിനുപുറമെ ആത്മാവ് എന്ന ഘടകം കൂടിയുണ്ടെന്നു സമ്മതിച്ചാൽ മരണശേഷം അതിന് എന്തു സംഭവിക്കുന്നു, അത് എങ്ങോട്ടു പോകുന്നു എന്നൊക്കെ വിശദീകരിക്കേണ്ടിവരും. ഒടുവിൽ ദൈവവിശ്വാസത്തിലേക്കാണ് എത്തിച്ചേരുക. അതാകട്ടെ ശാസ്ത്രത്തിന് അചിന്ത്യവും.

ആത്മാവിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യുവാൻ മനുഷ്യർക്ക് സാധ്യമല്ല എന്നാണ് വിശുദ്ധ ക്വുർആൻ 17:85 ഉണർത്തുന്നത്.

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

അധ്യായം
39

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَيَوْمَ ٱلْقِيَٰمَةِ تَرَى ٱلَّذِينَ كَذَبُوا۟ عَلَى ٱللَّهِ
وُجُوهُهُم مُّسْوَدَّةٌ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى
لِّلْمُتَكَبِّرِينَ ﴿٦٠﴾

وَيُنَجِّى ٱللَّهُ ٱلَّذِينَ ٱتَّقَوْا۟ بِمَفَازَتِهِمْ لَا
يَمَسُّهُمُ ٱلسُّوٓءُ وَلَا هُمْ يَحْزَنُونَ ﴿٦١﴾

ٱللَّهُ خَٰلِقُ كُلِّ شَىْءٍ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ
وَكِيلٌ ﴿٦٢﴾

لَّهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱلَّذِينَ
كَفَرُوا۟ بِـَٔايَٰتِ ٱللَّهِ أُو۟لَٰٓئِكَ هُمُ
ٱلْخَٰسِرُونَ ﴿٦٣﴾

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّىٓ أَعْبُدُ أَيُّهَا ٱلْجَٰهِلُونَ
﴿٦٤﴾

وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ
أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ
ٱلْخَٰسِرِينَ ﴿٦٥﴾

60. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്ക് കാണാം. നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം!

61. സൂക്ഷ്മത പുലർത്തിയവരെ രക്ഷപ്പെടുത്തി അവർക്കുള്ളതായ സുരക്ഷിത സ്ഥാനത്ത് അല്ലാഹു എത്തിക്കുകയും ചെയ്യും. ശിക്ഷ അവരെ സ്പർശിക്കുകയില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.

62. അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.

63. ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരാരോ അവർ തന്നെയാകുന്നു നഷ്ടക്കാർ.

64. (നബിയേ,) പറയുക: ഹേ; വിവരംകെട്ടവരേ, അപ്പോൾ അല്ലാഹുവല്ലാത്തവരെ ഞാൻ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത്?

65. തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.

60). അല്ലാഹുവിനെ കളവാക്കുന്നവർക്ക് വരാനിരിക്കുന്ന നിന്ദ്യതയെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. ഇരുണ്ട രാത്രിപോലെ കറുത്തിരുണ്ടതായിരിക്കും അന്ത്യദിനത്തിൽ അവരുടെ മുഖങ്ങൾ, അവിടെ നിൽക്കുന്നവർക്ക് അത് മനസ്സിലാകും. സത്യം പകൽപോലെ തെളിച്ചമുള്ളതും വ്യക്തവുമാണ്. അവർ സത്യത്തിന്റെ മുഖം ഇരുണ്ടതാക്കി. അല്ലാഹു അവരുടെ മുഖവും ഇരുണ്ടതാക്കി. തത്തുല്യമായ പ്രതിഫലം!

ഇരുണ്ട മുഖങ്ങളാണ് അവർക്കുള്ളത്; നരകത്തിൽ കഠിന ശിക്ഷയും. അതാണ് അല്ലാഹു പറഞ്ഞത്: (നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള പാഥേയം) സത്യം സ്വീകരിക്കുന്നതിനോ തങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുന്നതിനോ അഹങ്കരിക്കുന്നവരും അവനെതിരെ കള്ളം കെട്ടിച്ചമയ്ക്കുന്നവരും ആരാണ്? നരകംതന്നെ അവർക്കു നല്ലത്. അതിൽ അപരാധത്തിന്റെ യും കോപത്തിന്റെയും ശിക്ഷയുണ്ട്. അഹങ്കാരികൾക്ക് അത് എത്തേണ്ടിടത്ത് എത്തും. അവരിൽനിന്ന് എടുക്കേണ്ടത് അതെടുക്കും. അല്ലാഹുവിന്റെമേൽ കളവു പറയൽ തന്നെയാണ് അവന് മക്കളും ഇണയും ഉണ്ടെന്ന് പറയുന്നത്. അവന്റെ മഹത്ത്വത്തിന് യോജിക്കാത്തത് അവനെക്കുറിച്ച് പറയുന്നതും അതിൽപെടും. പ്രവാചകത്വം വാദിക്കുന്നതും അവൻ നിയമമാക്കാത്തത് പറയലും അവന്റെ പേരിലുള്ള കളവുതന്നെ.

61) അഹങ്കാരികളെക്കുറിച്ച് പറഞ്ഞതിനു ശേഷം സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. (സൂക്ഷ്മത പുലർത്തിയവരെ രക്ഷപ്പെടുത്തി അവരുടേതായ സുരക്ഷിതസ്ഥാനത്ത് അല്ലാഹു എത്തിക്കും). എന്തെന്നാൽ, എല്ലാ വിപത്തുകൾക്കും പ്രയാസങ്ങൾക്കുമുള്ള തയ്യാറെടുപ്പിനായി അവർക്കുള്ള രക്ഷയുടെ മാർഗം, അതായത് അല്ലാഹുവോടുള്ള ഭയം. (ശിക്ഷ അവരെ സ്പർശിക്കുകയില്ല) അവിശ്വസിച്ചവരെ ബാധിച്ച ശിക്ഷ. (അവർ ദുഃഖിക്കേണ്ടി വരികയും ഇല്ല). ശിക്ഷയിൽനിന്നും ഭയത്തിൽനിന്നും അത്രത്തോളം അവർ നിർഭയരായിരിക്കും. സ്വർഗത്തിലേക്കെത്തുന്നതുവരെ ആ നിർഭയത്വം ആവോളം അവരെ അനുഗമിക്കും. എല്ലാ പ്രതികൂലതയും അവസാനിച്ചു. പൂർണനിർഭയരായി. സുഖാനുഗ്രഹത്തിന്റെ ശോഭ അവരിൽ പരക്കും.

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَذْهَبَ عَنَّا ٱلْحَزَنَ ۖ إِنَّ رَبَّنَا لَغَفُورٌ شَكُورٌ ٣٤

അവർ പറയും: "ഞങ്ങളിൽനിന്നും ദുഃഖം നീക്കം ചെയ്ത അല്ലാഹുവിന് സ്തുതി. തീർച്ചയായും ഞങ്ങളുടെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമത്രെ"(35:34).

62) അല്ലാഹു തന്റെ മഹത്ത്വത്തെയും പൂർണതയെയും കുറിച്ചാണ് സംസാരിക്കുന്നത്; അവനെ നിഷേധിക്കുന്നവർക്കുള്ള തീരാനഷ്ടത്തെക്കുറിച്ചും. (അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു) ഇതിനു സമാനമായ വാചകങ്ങൾ ക്വുർആനിൽ ധാരാളമായി കാണാം. അല്ലാഹുവും അവന്റെ നാമവിശേഷണങ്ങളുമല്ലാത്തതെല്ലാം സൃഷ്ടിക്കപ്പെട്ടവയാണ് എന്നാണ് ഈ വചനങ്ങൾ സൂചിപ്പിക്കുന്നത്. ഇതോടെ പൊളിഞ്ഞുപോകുന്നത് ചില തത്ത്വചിന്തകരുടെ പ്രസ്താവനകളാണ്. അവർ പറയുന്നത് ഭൂമിയും ആകാശങ്ങളും ആദ്യമേ ഉണ്ടെന്നാണ്. ആത്മാവുകൾ പണ്ടേ ഉള്ളതാണെന്ന് വാദിച്ചവരും അവരിലുണ്ട്. ഇതെല്ലാം തെറ്റായ വാദങ്ങളാണ്. ഇതിലെല്ലാം സ്രഷ്ടാവിന്റെ സൃഷ്ടിപ്പുകളെ നിഷേധിക്കുന്നുണ്ട്.

അല്ലാഹുവിന്റെ വാക്കുകളും സൃഷ്ടിയല്ല. സംസാരമെന്നത് സംസാരിക്കുന്നവന്റെ വിശേഷണമാണ്. അല്ലാഹുവാകട്ടെ, അവന്റെ നാമങ്ങളിലും വിശേഷണങ്ങളിലും എല്ലാറ്റിനും മുമ്പുള്ളവനാണ്. ഈ വചനങ്ങളിൽനിന്ന്, മുഅ്തസിലികൾ അല്ലാഹുവിന്റെ സംസാരം സൃഷ്ടിയാണെന്ന് വാദിച്ചത് ഏറ്റവും വലിയ അറിവില്ലായ്മയാണ്. അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും സദാ ഉള്ളതാണ്. അവയിലൊന്നും പുതുതായി ഉണ്ടായതില്ല. ഒരു സമയത്തും അവ അവനില്ലാതിരിക്കുന്നുമില്ല.

അല്ലാഹു അവനെക്കുറിച്ച് പറയുന്നതുതന്നെയാണ് അതിന്റെ തെളിവ്. അല്ലാഹു തന്റെ പരിശുദ്ധ നഫ്സിനെക്കുറിച്ച് പറയുന്നത് സർവലോകങ്ങളുടെയും സ്രഷ്ടാവ് അവനാണെന്നാണ്. സർവതും ഏറ്റെടുക്കുന്നവന്റെ പൂർണ സംരക്ഷണം ഏറ്റെടുക്കുന്നവന് ഏറ്റെടുക്കുന്നതിനെപ്പറ്റി സമഗ്രവും വിശദവുമായ അറിവ് ആവശ്യമാണല്ലോ. അവന്റെ കഴിവിന്റെ പൂർണത അവനേറ്റെടുത്തതെല്ലാം അവൻ കൈകാര്യം ചെയ്യുന്നുവെന്നതാണ്. അവയെ സംരക്ഷിക്കുകയും ചെയ്യുന്നു. അതിനാവശ്യമായ അറിവും യുക്തിജ്ഞാനവും കൈകാര്യം ചെയ്യാൻ ആവശ്യമായ കഴിവും അവനുണ്ട്. അതിനാൽ, മുകളിൽ സൂചിപ്പിച്ചവയിലൂടെയല്ലാതെ ചുമതലയുള്ളയാൾക്ക് തന്റെ ജോലി പൂർണതയിൽ ചെയ്യാൻ കഴിയില്ല. അതിനാൽ എന്തെങ്കിലും കുറവുണ്ടായാൽ അത് ചുമതലപ്പെടുത്താനുള്ള അവന്റെ കഴിവിനെ ബാധിക്കും.

അല്ലാഹു എല്ലാ കുറവുകളിൽനിന്നും പരിപൂർണനാണെന്നത് അംഗീകരിക്കപ്പെട്ട കാര്യമാണ്. അതല്ലെങ്കിൽ സർവ വിശേഷണങ്ങളി ലും പൂർണനാണെന്നത്, എല്ലാറ്റിന്റെയും സംരക്ഷണം

അവൻ ഏറ്റെടുക്കുന്നു എന്നത്, എല്ലാറ്റിനെക്കുറിച്ചും അവൻ സൂക്ഷ്മമായി അറിയുന്നു എന്നുകൂടി മനസ്സിലാക്കിത്തരുന്നു. നിയന്ത്രിക്കാനുള്ള അവന്റെ കഴിവും ജ്ഞാനവും ഓരോന്നിനെയും അവയ്ക്ക് വേണ്ടവിധം സംവിധാനിക്കാനുള്ള ശേഷിയും ഇതറിയിക്കുന്നുണ്ട്.

63. (ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു). അതിനുള്ള കഴിവും നിയന്ത്രണാധികാരവുമെല്ലാം അവനാണ്.

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢﴾

“അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം, അത് പിടിച്ചുവെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ചുവെക്കുന്നപക്ഷം അതിനുശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല. അവനത്രെ പ്രതാപിയും യുക്തിമാനും” (35:2). അല്ലാഹുവിനെക്കുറിച്ച് ഹൃദയത്തിൽ ആദരവും മഹത്ത്വബോധവും ഉണ്ടാകത്തക്കവിധത്തിലാണ് ഈ വചനത്തിലെ പരാമർശം. അതിന് വിപരീതമായി പ്രവർത്തിക്കുകയും തനിക്ക് അർഹമായ അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്നവരെയാണ് അല്ലാഹു ഇപ്പോൾ പരാമർശിക്കുന്നത്. (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരാരോ അവർ) യഥാർഥ സത്യത്തിന്റെ തെളിവുകളെ. (അവർതന്നെയാകുന്നു നഷ്ടക്കാർ) ഹൃദയങ്ങൾക്കു ഗുണം ലഭിക്കുന്ന തൗഹീദിനെ അവർ നഷ്ടപ്പെടുത്തി. അവന്റെ നാമങ്ങൾ ഉരുവിടുന്നത് നാവുകൾക്ക് നന്മ വരുത്തുന്നു. അവനെ അനുസരിക്കുന്നത് ബാഹ്യശരീരത്തിന് ഗുണം നൽകുന്നു. ഇതെല്ലാം



അവർ നഷ്ടപ്പെടുത്തി. ശരീരത്തിനും മനസ്സിനും ദോഷകരമായതാണ് അവർ പകരം സ്വീകരിച്ചത്. അതിലൂടെ സുഖാനുഗ്രഹത്തിന്റെ സ്വർഗവും അവർ നഷ്ടപ്പെടുത്തി. അതിനു പകരമാക്കിയതാകട്ടെ വേദനിക്കുന്ന ശിക്ഷയും.

64). (പറയുക) അല്ലാഹു അല്ലാത്തവരെ ആരാധിക്കാൻ നിന്നെ ക്ഷണിക്കുന്ന വിവരദോഷികളായ ഇവരോട് താങ്കൾ പറയുക: (ഹേ, വിവരം കെട്ടവരേ, അല്ലാഹു അല്ലാത്തവരെ ഞാൻ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത്?) ഇത് നിങ്ങളുടെ അജ്ഞതയിൽനിന്നുത്ഭവിക്കുന്നതാണ്. എല്ലാ നിലയ്ക്കും അല്ലാഹു സമ്പൂർണനനാണന്നും മുഴുവൻ അനുഗ്രഹങ്ങൾ തരുന്നവനാണെന്നും അവൻ മാത്രമാണ് ആരാധനക്കർഹനെന്നും മറ്റുള്ളവർ എല്ലാ നിലയ്ക്കും അപൂർണരും ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവരും ആണെന്നും നിങ്ങൾക്ക് അറിവുണ്ടായിരുന്നുവെങ്കിൽ അവനല്ലാത്തവരെ ആരാധിക്കാൻ നിങ്ങൾ എന്നോട് കൽപിക്കുമായിരുന്നില്ല.

65). അങ്ങനെ പറയുന്നത്, അല്ലാഹുവിൽ പങ്കുചേർക്കുന്നത് കർമങ്ങളെ നിഷ്ഫലമാക്കുന്നതും എല്ലാം തകരാറിലാക്കുന്നതുമാണ്. അതാണല്ലാഹു പറഞ്ഞത്: (തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ) മുഴുവൻ പ്രവാചകന്മാർക്കും. (നീ പങ്കാളിയെ ചേർക്കുന്നപക്ഷം നിന്റെ കർമം നിഷ്ഫലമാകും) ഇവിടെ ‘നിന്റെ കർമം’ എന്ന പ്രയോഗം പൊതുവായ അർഥത്തെ സൂചിപ്പിക്കുന്നു. അതിനാൽ സർവ കർമങ്ങളും അതിൽപെടും.

മുൻകാല പ്രവാചകന്മാരുടെ പ്രബോധന വിഷയങ്ങളിൽ, ശിർക്ക് നന്മകളെ നിഷ്ഫലമാക്കും എന്ന കാര്യം ഉൾപ്പെട്ടിരുന്നു. ധാരാളം പ്രവാചകന്മാരുടെ പേരുകൾ എണ്ണിപ്പറയുന്ന സൂറതുൽ അൻആമിൽ ഇക്കാര്യം അല്ലാഹു പറയുന്നുണ്ട്:

ذَٰلِكَ هُدَى ٱللَّهِ يَهْدِى بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَلَوْ أَشْرَكُوا۟ لَحَبِطَ عَنْهُم مَّا كَانُوا۟ يَعْمَلُونَ ﴿٨٨﴾

“അതാണ് അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേക്ക് നയിക്കുന്നു. അവർ അല്ലാഹുവോട് പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചടത്തോളം നിഷ്ഫലമായി പോകുമായിരുന്നു” (6:88).

(തീർച്ചയായും നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും) നിന്റെ ദീനും പരലോകവും. ശിർക്കിനാൽ കർമങ്ങൾ നിഷ്ഫലമായി ശിക്ഷക്ക് അർഹനാവുകയും ചെയ്യും.

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 94973 85707

യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 11

# ക്രൂരതയും മനുഷ്യത്വ വിരുദ്ധതയും ആഹ്വാനം ചെയ്യാൻ ഒരു വേദഗ്രന്ഥമോ?

## തൽമൂദിന്റെ പാഠങ്ങൾ; ഒരു വിശകലനം

അഞ്ചുതവണ കൃത്യമായി നമസ്കരിക്കുന്ന സത്യവിശ്വാസികൾ യഹൂദരുടെ തന്ത്രകുതന്ത്രങ്ങളെപ്പറ്റി ശരിക്കും ജാഗ്രതയിൽ വർത്തിക്കേണ്ടതുണ്ട്. വഴിപിഴച്ച യഹൂദരുടെയും നസ്വാറാക്കളുടെയും മാർഗത്തിൽ ഞങ്ങളെ നീ അകപ്പെടുത്തരുതേയെന്ന് മനസ്സിൽതട്ടി നിർബന്ധപ്രാർഥനയിൽ ഉരുവിടുമ്പോഴും എന്താണ് യഹൂദരെപ്പറ്റി അല്ലാഹു ഇത്രയും ഗൗരവത്തിൽ പറയാൻ കാരണമെന്ന് പലരും ആലോചിക്കാറില്ല. വേദഗ്രന്ഥങ്ങളും വിശുദ്ധവചനങ്ങളുമെന്ന പേരിൽ പൂർവകാല വേദഗ്രന്ഥത്തിന്റെ അനുയായികളിൽ പ്രബലവിഭാഗമായ യഹൂദർ എഴുന്നള്ളിക്കുന്നതിൽ നല്ലൊരു ശതമാനവും പടച്ചവന്റെ പേരിലുള്ള കളവുകളും ആരോപണങ്ങളുമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. മനസ്സാക്ഷിക്ക് നിരക്കാത്ത കളവുകളും ആരോപണങ്ങളുമാണ് 'പഴയനിയമം' എന്ന പേരിൽ പ്രശസ്തമായ തൽമൂദിൽ ഇവർ തിരുകിക്കയറ്റിയിട്ടുള്ളത്.

മനുഷ്യർ പോലും പരസ്പരം പറയാനും ആരോപിക്കാനും മടിക്കുന്ന ലജ്ജാവഹമായ ആരോപണങ്ങൾ യഹൂദർ അവരല്ലാത്തവർക്കെതിരിൽ ഉന്നയിക്കുന്നു. യഹൂദരല്ലാത്ത സ്ത്രീ-പുരുഷന്മാരും കുട്ടികളുമടങ്ങുന്ന സമൂഹത്തെ നീചരും രണ്ടാംകിടക്കാരുമായി പരിഗണിക്കുന്ന ഒട്ടനവധി വചനങ്ങളും നിർദേശങ്ങളും തൽമൂദിൽ വ്യാപകമാണ്. യഹൂദരല്ലാത്തവർ മരണപ്പെട്ടാൽ അവരെ പട്ടണത്തിന് പുറത്തുമാത്രമെ മറവു ചെയ്യാൻ പാടുള്ളൂ എന്ന് ഉപദേശിക്കുന്ന മാനവികതയാണ് യഹൂദർക്ക് ഉപദേശിക്കാനുള്ളത്. വളരെ ക്രൂരവും നീചവുമായ ഈ നിർദേശങ്ങളെല്ലാം ദൈവത്തിന്റെയും പ്രവാചകന്മാരുടെയും പേരിൽ ചേർത്തുപറയാനും ഇവർക്ക് ലജ്ജയില്ലെന്നതാണ് ഏറെ പരിതാപകരം.



> മനുഷ്യർ പോലും പരസ്പരം പറയാനും ആരോപിക്കാനും മടിക്കുന്ന ലജ്ജാവഹമായ ആരോപണങ്ങൾ യഹൂദർ അവരല്ലാത്തവർക്കെതിരിൽ ഉന്നയിക്കുന്നു. യഹൂദരല്ലാത്ത സ്ത്രീ-പുരുഷന്മാരും കുട്ടികളുമടങ്ങുന്ന സമൂഹത്തെ നീചരും രണ്ടാംകിടക്കാരുമായി പരിഗണിക്കുന്ന ഒട്ടനവധി വചനങ്ങളും നിർദേശങ്ങളും തൽമൂദിൽ വ്യാപകമാണ്. യഹൂദരല്ലാത്തവർ മരണപ്പെട്ടാൽ അവരെ പട്ടണത്തിന് പുറത്തുമാത്രമെ മറവുചെയ്യാൻ പാടുള്ളൂ എന്ന് ഉപദേശിക്കുന്ന മാനവികതയാണ് യഹൂദർക്ക് ഉപദേശിക്കാനുള്ളത്. വളരെ ക്രൂരവും നീചവുമായ ഈ നിർദേശങ്ങളെല്ലാം ദൈവത്തിന്റെയും പ്രവാചകന്മാരുടെയും പേരിൽ ചേർത്തുപറയാനും ഇവർക്ക് ലജ്ജയില്ലെന്നതാണ് ഏറെ പരിതാപകരം.

മനുഷ്യരുടെ രക്തം പൂജക്കായി ഉപയോഗിക്കുക, ശേഷം അത് പുണ്യമാക്കി മോന്തിക്കുടിക്കുക, യഹൂദരല്ലാത്തവരെ ഈ ആവശ്യത്തിനുവേണ്ടി നീചമായി കൊലപ്പെടുത്തുക തുടങ്ങിയ മാരകമായ നിർദ്ദേശങ്ങളാണ് ലോകത്ത് പുരോഗതിയുടെ വക്താക്കളായി ചമയുന്ന, അങ്ങനെ പരിചയപ്പെടുത്തപ്പെടുന്ന യഹൂദരുടെ തൽമൂദിന് മുന്നോട്ടുവെക്കാനുള്ളത്. ഇക്കാര്യങ്ങൾ നാം നേരത്തെ വിശദമാക്കിയിട്ടുണ്ട്.

യഹൂദരല്ലാത്തവരെ ഉന്മൂലനം ചെയ്യാൻ ആഹ്വാനം ചെയ്യുന്ന തൽമൂദിന്റെ നിർദേശം മുഖ്യമായും മുസ്‌ലിം സമൂഹത്തെയും തക്കംകിട്ടിയാൽ ക്രിസ്ത്യാനികളെയും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഇത് മറച്ചുവെച്ചുകൊണ്ട്, സംഘപരിവാറിന് തുടർഭരണം കിട്ടിയാൽ റബറിന് കൂടുതൽ വില ലഭിക്കുമെന്ന കുപ്രചാരണത്തിൽ അന്ധത ബാധിച്ച പാവം കുഞ്ഞാടുകളെ വിഡ്ഢിത്തരങ്ങളിൽ മാത്രം തളച്ചിട്ട് കേവലം വോട്ടുബാങ്കുകൾ മാത്രമാക്കി പരിവർത്തിപ്പിക്കാനും അതിലൂടെ അധികാരം നിലനിർത്താനുമാണ് നിലവിൽ 'കാസ' ഉൾപ്പെടെയുള്ളവരുടെ ശ്രമം. അതിനാൽ അധമരായ യഹൂദന്മാർ ഇസ്രായേലിലെ ന്യൂനപക്ഷ ക്രിസ്ത്യാനികളുടെ നേരെ നടത്തിവരുന്ന അതിക്രമങ്ങളെ ദുർവ്യാഖ്യാനിച്ച് വെളുപ്പിക്കുന്ന ദൗത്യവും 'കാസയും' ക്രിസംഘികളും ഏറ്റെടുത്തിട്ടുണ്ട്.

എതിരാളികളെ നിഷ്ഠൂരമായി കൊലചെയ്ത് രക്തം പാനംചെയ്യാനുള്ള നിർദേശം പിൽക്കാലത്തെ രാഷ്ട്രീയ അവസ്ഥകളിൽനിന്നും യഹൂദർ ഉൾക്കൊണ്ട പ്രചോദനമാണെന്ന് ഒരിക്കലും കരുതേണ്ടതില്ല. മറിച്ച് വേദഗ്രന്ഥത്തിനും ദൈവിക നിർദേശങ്ങൾക്കും സ്വന്തം നിലയിലുള്ള വ്യാഖ്യാനങ്ങൾ നൽകിയ യഹൂദർ സ്വയമായി ആവിഷ്ക്കരിച്ചെടുത്ത ഒരു സിദ്ധാന്തമാണ് ഈ ഉന്മൂലന രാഷ്ട്രീയം. യഹൂദരല്ലാത്തവരോട് ഇടപെടുന്നതും സഹകരിക്കുന്നതും തങ്ങളുടെ മുഖ്യമായ അജണ്ടകളുടെ സംരക്ഷണത്തിനുവേണ്ടി മാത്രമാണ്. ഭൗതികമായ നേട്ടങ്ങളും താൽപര്യങ്ങളും സംരക്ഷിക്കാൻവേണ്ടി മാത്രമാകും യഹൂദർ അവരല്ലാത്ത സമൂഹങ്ങളുമായി സന്ധിക്ക് തയ്യാറാകുന്നത്.

പരിശുദ്ധ ക്വുർആനിൽ സൂറതുന്നിസാഅ് 53ൽ 'ഇവർക്ക് ആധിപത്യം ലഭിച്ചാൽ അതിൽനിന്നും അണുവിടപോലും അവർ മനുഷ്യർക്ക് വിട്ടുനൽകാൻ തയ്യാറാകാത്തനിലയിലുള്ള' ക്രൂരമായ മനസ്സും ചിന്തകളുമാണ് യഹൂദരുടെ പ്രകൃതമെന്ന് അല്ലാഹു വിശദീകരിക്കുന്നത് കാണാം.

ക്വുർആൻ അവതരിക്കുന്ന കാലത്ത് യഹൂദർക്ക് ഭൂമിയിൽ എവിടെയും അധികാരമോ ആധിപത്യമോ ഉണ്ടായിരുന്നില്ല. അവരുടെ അതിക്രമവും ധിക്കാരസ്വഭാവവും കാരണം ഇതെല്ലാം അവർതന്നെ നഷ്ടപ്പെടുത്തി. ഇനി വല്ല നാട്ടിലും അധികാരമോഭരണനിയന്ത്രണമോ ലഭിച്ചാൽതന്നെ അതിനെ കഴിയുന്നത്ര ദുർവിനിയോഗം ചെയ്ത് ഇതരസമൂഹങ്ങളെ പരമാവധി ഉപദ്രവിക്കുകയും ആട്ടിപ്പുറത്താക്കുകയും ചെയ്യുന്ന പോളിസി പ്രോഗ്രാമുകളാണ് യഹൂദർ ആവിഷ്ക്കരിക്കുക.

യഹൂദർക്ക് ലഭിക്കാത്ത വല്ല അനുഗ്രഹമോ നേട്ടങ്ങളോ മറ്റു വല്ലവർക്കും ലഭിച്ചാൽ അതിന്റെ പേരിൽ അസൂയയും കുശുമ്പും മാത്രമാകും അവരുടെ ഭാഗത്തുനിന്നുമുണ്ടാവുക. അഭയം ലഭിച്ച യഹൂദർ ഫലസ്തീനിന്റെ മണ്ണിൽ

നിന്നും അഭയവും അന്നവും നൽകിയ അറബികളെ ആട്ടിപ്പായിക്കുന്ന ദുരന്തപൂർണമായ കാഴ്ചയാണ് ഇന്നും ഈ നിമിഷവും നമുക്ക് കാണാനാകുന്നത്. കുടിയിറക്കാൻ നിർബന്ധിക്കപ്പെടുന്ന അറബികൾ ഒരു ചെറിയ കല്ലുകൊണ്ടെങ്കിലും പ്രതികരിച്ചാൽ അതിനെ മതതീവ്രവാദമായി വ്യാഖ്യാനിച്ച് അവരുടെ മേൽ ബോംബ് വർഷിക്കുന്ന ഇസ്രയേലികളുടെ നടപടിയെ, ലോകസമാധാനത്തിന്റെ സന്ദേശമായി നിർലജ്ജം വിശേഷിപ്പിക്കുന്ന യൂറോപ്യൻ യൂണിയന്റെ ലജ്ജാവഹമായ നിലപാട് ആരെയും അമ്പരപ്പിക്കുന്നതാണ്. വർഗീയമായ നടപടിക്രമങ്ങൾ, മുസ്‌ലിം സമൂഹത്തോടുള്ള ശത്രുതാപരമായ നിലപാടുകൾ, ഏത് അക്രമപരമായ നടപടികളിലൂടെയും സ്വന്തം ശക്തി വർധിപ്പിക്കുകയെന്ന ചിന്ത...തുടങ്ങിയ വിഷയങ്ങളിൽ കുപ്രസിദ്ധരാണ് യഹൂദർ. അതിന്റെ വിവിധമുഖങ്ങളാണ് ഇന്നുനാം കണ്ടുവരുന്നതും.

## ഫലസ്തീനിൽ കാണാതെ പോകുന്നത്

ഒരുവിഷയംകൂടി ഇവിടെ ചേർത്തുപറയാതിരിക്കുന്നത് ശരിയല്ല. വിഷയം കൂടുതൽ വ്യക്തമാകാൻ അത് അനിവാര്യമാണുതാനും. പാശ്ചാത്യരുടെ മേൽക്കോയ്മകൊണ്ടും അറബികളുടെ ദുർബലതകൊണ്ടുമാണ് ഇസ്രയേൽ ജന്മംകൊണ്ടത്. ഒട്ടനവധി ഗ്രൂപ്പുകളും ഉപഗ്രൂപ്പുകളുമായി ഭിന്നിച്ച് അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾക്കുവേണ്ടി കടിപിടികൂടുന്ന വിഭാഗങ്ങൾ ഒരുവശത്ത്, മധ്യേഷ്യയിലെ അറബികൾ നൽകുന്ന സാമ്പത്തിക സഹായങ്ങളിൽ മാത്രം കണ്ണുംനട്ട് അതിനുവേണ്ടി കടിപിടികൂടുന്ന ഫലസ്തീൻ അതോറിറ്റിയെ ഛിന്നഭിന്നമാക്കിയ ഗ്രൂപ്പിസത്തിന്റെ വക്താക്കൾ മറുവശത്ത്, ഇവരെല്ലാം ലോകമുസ്‌ലിം സമൂഹത്തിനുതന്നെ തീരാശാപമാണെന്നതിൽ ഇരുപക്ഷമില്ല.

ഗസ്സയിലെ മർദിതരെയും പീഡിതരെയും സഹായിക്കാൻ മിഡിലീസ്റ്റിലെ അറബികൾ അയക്കുന്ന ദുരിതാശ്വാസത്തിന്റെ കിറ്റുകൾ ഫലസ്തീനിലെ സൂപ്പർമാർക്കറ്റുകളിൽ വിൽപനച്ചരക്കാക്കുന്ന കച്ചവടമുതലാളിമാർ അറബ്-ഇസ്രയേൽ സംഘർഷത്തിന് 'ജിഹാദ്'എന്ന ലേബൽ നൽകുന്നതുതന്നെ അപമാനമാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. വിശുദ്ധ ഹറമുകളിൽനിന്നും ഫലസ്തീനിന്റെ പേരിൽ പുറത്തേക്കൊഴുകുന്ന ആഹ്വാനങ്ങളും പ്രാർഥനകളും ഒരുവിഭാഗം രാഷ്ട്രീയ ഇസ്‌ലാമിന്റെ വക്താക്കൾ കാര്യമായിത്തന്നെ ദുരുപയോഗം ചെയ്യുന്നത് ഈ സംഘർഷത്തിന്റെ ആഴവും പരപ്പും വർധിപ്പിക്കാനേ ഉതകുകയുള്ളു. ലോകമുസ്‌ലിം സമൂഹമാസകലം ഫലസ്തീനികൾക്കു വേണ്ടി ഒരേമനസ്സിൽ ഒന്നിച്ചാലുംശരി ഫലസ്തീൻ അതോറിറ്റിയെന്ന പേരിലുള്ള രാഷ്ട്രസംവിധാനം ഭിന്നതകളില്ലാതെ ഒന്നിക്കാത്തിടത്തോളം കാലം ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാനാകുമെന്ന് പ്രതീക്ഷയില്ല.

> അഭയം ലഭിച്ച യഹൂദർ ഫലസ്തീനിന്റെ മണ്ണിൽ നിന്നും അഭയവും അന്നവും നൽകിയ അറബികളെ ആട്ടിപ്പായിക്കുന്ന ദുരന്തപൂർണമായ കാഴ്ചയാണ് ഇന്നും ഈ നിമിഷവും നമുക്ക് കാണാനാകുന്നത്. കുടിയിറക്കാൻ നിർബന്ധിക്കപ്പെടുന്ന അറബികൾ ഒരു ചെറിയ കല്ലുകൊണ്ടെങ്കിലും പ്രതികരിച്ചാൽ അതിനെ മതതീവ്രവാദമായി വ്യാഖ്യാനിച്ച് അവരുടെ മേൽ ബോംബ് വർഷിക്കുന്ന ഇസ്രയേലികളുടെ നടപടിയെ, ലോകസമാധാനത്തിന്റെ സന്ദേശമായി നിർലജ്ജം വിശേഷിപ്പിക്കുന്ന യൂറോപ്യൻ യൂണിയന്റെ ലജ്ജാവഹമായ നിലപാട് ആരെയും അമ്പരപ്പിക്കുന്നതാണ്.

## അഹങ്കാരത്തിൽ മതിമറക്കുന്ന യഹൂദർ

ഭൂമുഖത്ത് യഹൂദർ മാത്രമാണ് ഏറ്റവും ഉത്തമരെന്നും അവരല്ലാത്തവരെല്ലാം കേവലം മനുഷ്യക്കോലത്തിലുള്ള ജീവജാലങ്ങൾ മാത്രമാണെന്നുമുള്ള യഹൂദരുടെ അഹംഭാവവും അഹങ്കാരം നിറഞ്ഞ പെരുമാറ്റവും അവരുടെ വേദഗ്രന്ഥത്തിൽ അങ്ങോളമിങ്ങോളം നിറഞ്ഞുനിൽക്കുന്നു. ദൈവത്തിനാൽ തെരഞ്ഞെടുക്കപ്പെട്ട ഏകസമൂഹം യഹൂദർ മാത്രമാണെന്ന് ഇവർ സ്വയം അഭിമാനിക്കുന്നതിനാലും വിശ്വസിക്കുന്നതിനാലും മാനവികതക്ക് നിരക്കാത്ത എന്ത് ക്രൂരത പ്രവർത്തിക്കുന്നതിനും ഇവർക്ക് ലവലേശം മടിയില്ല.

സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വേദത്തെ ദുർവ്യാഖ്യാനിക്കുകയും മുറിച്ചുമാറ്റുകയും ഏച്ചുകെട്ടുകയും ചെയ്യുന്ന യഹൂദരുടെ നടപടിക്രമങ്ങളെ ക്വുർആൻ തുറന്നുകാട്ടിയിട്ടുള്ളതാണ്. മനുഷ്യമസ്തിഷ്കങ്ങളെ മരവിപ്പിച്ചുകളയുന്ന സമാനതകളില്ലാത്ത

ക്രൂരതകൾ സ്വന്തംകൈകൾകൊണ്ട് പ്രവർത്തിക്കുകയും അത് പിന്നീട് ദൈവത്തിലേക്കും പുണ്യപുരുഷന്മാരായ പ്രവാചകന്മാരിലേക്കും ചേർത്തുപറയുന്ന യഹൂദരാഷ്ട്രീയത്തിന് ഭൂമുഖത്ത് തുല്യതകൾ അന്വേഷിക്കുന്നതിൽ അർഥമില്ല. നിരപരാധികളെ ക്രൂരമായി കൊലപ്പെടുത്തുന്ന ഈ ഹീനതക്ക് വേദഗ്രന്ഥത്തിന്റെ പിന്തുണയും പിൻബലവും അവകാശപ്പെടുന്നതിലൂടെ തങ്ങളുടെ ക്രൂരതകൾക്ക് പരിശുദ്ധമായ പരിരക്ഷയെ അവകാശപ്പെടുകയാണ് യഹൂദർ.

യഹൂദവീക്ഷണത്തിലെ ദൈവിക സങ്കൽപമാണ് ഏറെ അപകടകരം. പരസ്പരമുള്ള ശത്രുതയുടെയും പോരാട്ടത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും പര്യായമാണ് യഹൂദവേദഗ്രന്ഥങ്ങളും പുരോഹിതന്മാരും പരിചയപ്പെടുത്തുന്ന ഇസ്രയേലിന്റെ നാഥനായ ദൈവം.



ബൈബിൾ പഴയനിയമത്തിൽ ഇപ്രകാരം വായിക്കാം: "സിയോനിൽ വസിക്കുന്ന കർത്താവിനു സ്തുതി പാടുക! അവന്റെ ചെയ്തികളെ ജനതകളുടെ ഇടയിൽ വർണിക്കുക! രക്തപ്പക പോക്കുന്ന അവൻ അവരെക്കുറിച്ച് കരുതലുള്ളവൻ..."(സങ്കീർത്തനം 9;11-12). സ്വർണവും വെള്ളിയും വിലപിടിപ്പുള്ള സമ്പത്തുക്കളും ദേവാലയത്തിൽ സ്വരൂപിക്കാൻ ആവശ്യപ്പെടുന്ന യഹൂദരുടെ ദൈവം മനുഷ്യരക്തംകൊണ്ട് പ്രതികാരം തീർക്കാനും ആഗ്രഹിക്കുവെന്നാണ് ഈ വചനം പഠിപ്പിക്കുന്നത്.

ഇതിന് സമാനമായ നിരവധി ഉദാഹരണങ്ങൾ ഇനിയും സുലഭമാണ്: "വെള്ളി, സ്വർണം, ഓട്ടുപാത്രങ്ങൾ, ഇരുമ്പുപാത്രങ്ങൾ എന്നിവ പൂർണമായും കർത്താവിന് വിശുദ്ധമാണ്. അവ കർത്താവിന്റെ ഭണ്ഡാരത്തിൽ ചേരണം. ആളുകൾ ആർത്തട്ടഹസിച്ചു. കാഹളങ്ങൾ മുഴങ്ങി, കാഹളധ്വനി കേട്ടമാത്രയിൽ ജനങ്ങൾ അത്യുച്ചത്തിൽ ആർത്തട്ടഹസിച്ചു. നഗരമതിൽ നിലംപരിശായി. ജനങ്ങളിൽ ഓരോരുത്തനും നേരേ നഗരത്തിലേക്കു പ്രവേശിച്ചു. അവർ നഗരം കയ്യടക്കി. ആബാലവൃദ്ധം സ്ത്രീ പുരുഷന്മാരെയും കാളകളെയും ആടുകളെയും കഴുതകളെയും അങ്ങനെ നഗരത്തിൽ ഉണ്ടായിരുന്ന എല്ലാറ്റിനെയും അവർ വാളിന്ന് ഇരയാക്കി..." (യോശുവ 06:19-21).

സ്ത്രീകളും കുട്ടികളും നിരപരാധികളായ നാൽക്കാലികളുമടങ്ങുന്ന സംഘത്തെ ദൈവത്തിന്റെ പേരിൽ നിഷ്ഠൂരം കൊലപ്പെടുത്താനും അവരുടെ വിലപിടിപ്പുള്ള എല്ലാസമ്പത്തുകളും 'വിശുദ്ധനായ കർത്താവിന്റെ പരിശുദ്ധമായ ഖജനാവിലേക്ക്' ലയിപ്പിക്കാനും ആഹ്വാനംചെയ്യുന്ന ദൈവത്തെയാണ് യഹൂദർ ദൈവമായി സങ്കൽപിച്ച് ആരാധിച്ചുവരുന്നതെന്ന് ഈ ബൈബിൾ പഴയനിയമത്തിലെ വചനത്തിൽനിന്നും സുവ്യക്തമാണ്. ചുരുക്കത്തിൽ, ക്രൂരതക്കും രക്തച്ചൊരിച്ചിലിനും ആഹ്വാനം ചെയ്യുന്ന, ഇസ്രയേലിന്റെ നാഥനായ ദൈവം, അതാണ് യഹൂദരുടെ ആരാധനാമൂർത്തി.

ദൈവത്തിന്റെയും പുണ്യത്തിന്റെയും സഭാവിശ്വാസത്തിന്റെയും പേരിൽ വേദഗ്രന്ഥത്തിലേക്ക് തുന്നിച്ചേർക്കപ്പെട്ട ഈ ക്രൂരതയെ അൽപംകൂടി വ്യക്തമായ നിലയിൽ ബൈബിൾ മറ്റൊരിടത്ത് വിശദമാക്കിയിട്ടുണ്ട്.

നഗരത്തിന് തീകൊളുത്തിയെന്നും, എങ്ങോട്ടോ ഓടി രക്ഷപ്പെടാൻ ആ സമൂഹത്തിന് ത്രാണിയില്ലായിരുന്നുവെന്നും രക്ഷപ്പെടാൻ സാധിക്കാത്ത നിലയിൽ നാനാഭാഗത്തുനിന്നും അവരെ ആയുധധാരികൾ വലയം ചെയ്തുവെന്നും ആരെയും ജീവനോടെ രക്ഷപ്പെടാൻ അനുവദിക്കാതെ ഇസ്രയേൽ സൈന്യം അവരെ നിഷ്ഠൂരം കൊലപ്പെടുത്തിയെന്നും യഹൂദരല്ലാത്തവരെ ദൈവത്തിനും സഭക്കും വേണ്ടി ഇല്ലായ്മ ചെയ്തെന്നുമാണ് ഈ കൂട്ടക്കൊലയുടെ ചരിത്രം!

“അന്ന് ദൈവത്തിനുവേണ്ടി നിഷ്ഠൂരം വധിക്കപ്പെട്ടവർ സ്ത്രീപുരുഷന്മാരും കുട്ടികളും പന്തീരായിരമായിരുന്നു. എല്ലാവരുടെയും നാശം ഉറപ്പുവരുത്തുവോളം നീട്ടിപ്പിടിച്ചിരുന്ന അവരുടെ കുന്തം അവരുടെ നേതാവ് പിൻവലിച്ചില്ല. നഗരം ചുട്ടെരിച്ച് എന്നെന്നേക്കും ഒരു പാഴ്കൂമ്പാരമാക്കി...” (യോശുവ 08:08-29).

ഖുർആനിലും ഹദീസുകളിലും വന്ന, യുദ്ധത്തിന്റെയും സൈനിക നടപടികളുടെയും ചരിത്രകഥകൾ സാഹചര്യവും സന്ദർഭവും തന്ത്രപരമായി മറച്ചുവെച്ചുകൊണ്ട് അടർത്തിയെടുത്ത പീസുകളുമായി ലൈവിൽ പ്രത്യക്ഷപ്പെടുന്ന ഒട്ടനവധി കാസ/സിയോണിസ്റ്റ് പുരോഹിതന്മാർ ഇക്കാലത്തുണ്ട്. ഇസ്രയേലിലും അമേരിക്കയിലും കാനഡയിലും സുരക്ഷിതരായി ഇരുന്നുകൊണ്ടാണ് ഇവരിൽ മിക്കവരും ലൈവിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിലെ സംഘപരിവാരങ്ങളെ സുഖിപ്പിക്കുകയും മുസ്‌ലിം വിദ്വേഷം വാരിവിതറുകയും റബറിന് വിലകൂടുമെന്ന പ്രതീക്ഷ വ്യാപകമാക്കുകയും ചെയ്യലാണ് ഇവരുടെ മുഖ്യദൗത്യം!

ജീവിതത്തിൽ ഒരിക്കൽപോലും ബൈബിൾ തുറന്നുനോക്കിയിട്ടില്ലാത്ത സാധുക്കളായ ഒരു വിഭാഗം നസ്വാറാക്കൾക്ക് ഇവർ കാണപ്പെട്ട ദൈവംതന്നെയാണ്. ഏറെ താൽപര്യത്തിലും സന്തോഷത്തിലുമാണ് ഇസ്‌ലാമിനെ പ്രഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ സയണിസ്റ്റ് പീസുകൾ അവർ ഷെയർ ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തുവരുന്നത്. എന്നാൽ കാലങ്ങളായി തങ്ങൾ ചുമന്നുനടക്കുന്ന ബൈബിളിൽ ഇതിനെ വെല്ലുന്ന പലതും എഴുതപ്പെട്ടിട്ടുണ്ടെന്ന വസ്തുത തിരിച്ചറിയാൻ ഇവർ ഒരുക്കമല്ല.

ബൈബിൾ പഴയനിയമത്തിൽ യോശുവയുടെ വിജയം വിശദീകരിക്കുന്ന 28,30,32,35,37,38,39,40 വചനങ്ങൾ ക്രൂരമായ കൊലപാതകത്തിന്റെയും വാളുകൾക്ക് വിശ്രമമില്ലാത്തതിന്റെയും കഥകൾ മാത്രം വിശദീകരിക്കാനുള്ളതാണ്. ഇസ്രയേലിന്റെ നാഥനായ ദൈവത്തിന്റെ നിർദേശമനുസരിച്ചാണ് ഈ ഉന്മൂലനമെന്നും ഇതേ അധ്യായത്തിൽ വചനം 41ൽ വിശദീകരിക്കുന്നു. രാജാക്കന്മാരെയും ജനങ്ങളെയും മാത്രമല്ല ജീവജാലങ്ങളെപ്പോലും ദൈവത്തിനുവേണ്ടി യഹൂദർ ബാക്കിവെച്ചില്ലെന്നാണ് ബൈബിൾ പഴയനിയമം പഠിപ്പിക്കുന്നത്.

**ഖുർആനിലും ഹദീസുകളിലും വന്ന, യുദ്ധത്തിന്റെയും സൈനിക നടപടികളുടെയും ചരിത്രകഥകൾ സാഹചര്യവും സന്ദർഭവും തന്ത്രപരമായി മറച്ചുവെച്ചുകൊണ്ട് അടർത്തിയെടുത്ത പീസുകളുമായി ലൈവിൽ പ്രത്യക്ഷപ്പെടുന്ന ഒട്ടനവധി കാസ/സിയോണിസ്റ്റ് പുരോഹിതന്മാർ ഇക്കാലത്തുണ്ട്. ഇസ്രയേലിലും അമേരിക്കയിലും കാനഡയിലും സുരക്ഷിതരായി ഇരുന്നുകൊണ്ടാണ് ഇവരിൽ മിക്കവരും ലൈവിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിലെ സംഘപരിവാരങ്ങളെ സുഖിപ്പിക്കുകയും മുസ്‌ലിം വിദ്വേഷം വാരിവിതറുകയും റബറിന് വിലകൂടുമെന്ന പ്രതീക്ഷ വ്യാപകമാക്കുകയും ചെയ്യലാണ് ഇവരുടെ മുഖ്യദൗത്യം!**

ബൈബിൾ പുറപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് അൽപംകൂടി ക്രൂരതകൂടിയ സംഭവങ്ങളാണ്: “അർധരാത്രിയിൽ കർത്താവ് ഈജിപ്തിലെ ആദ്യജാതരെയെല്ലാം സംഹരിച്ചു. സിംഹാസനാരൂഢനായ ഫറോവന്റെ ആദ്യജാതൻ മുതൽ തടവറയിൽ കിടന്നവന്റെ ആദ്യജാതൻവരെയുള്ളവരും എല്ലാ മൃഗങ്ങളുടെയും കടിഞ്ഞൂലുകളും വധിക്കപ്പെട്ടു...” (പുറപ്പാട് 12:29-30).

ഇസ്രയേലിന്റെ നാഥനായ ദൈവം മനുഷ്യരോടു മാത്രമല്ല ജന്തു ജീവജാലങ്ങളോടാസകലവും ക്രൂരതയിൽ വർത്തിക്കാൻ നിർദേശിക്കുന്നവനാണെന്ന് ചുരുക്കത്തിൽ മനസ്സിലാക്കാം. കരുണയും കാരുണ്യവും തൊട്ടുതീണ്ടിയിട്ടില്ലാത്ത ദൈവിക സങ്കല്പത്തെ വിശ്വാസമായി സ്വീകരിച്ചിട്ടുള്ള യഹൂദ സമൂഹത്തിൽനിന്നും നീതിപുലരുമെന്ന് പ്രതീക്ഷിക്കുന്നത് തന്നെ മൗഢ്യമാണെന്ന് ഈ വചനങ്ങൾ പഠിപ്പിക്കുന്നു.

*(തുടരും)*

സ്വഫ്‌വാൻ അൽഹികമി ആമയൂർ



# ആഘോഷങ്ങളുടെ ഇസ്‌ലാമിക മാനം

ഇസ്‌ലാം നിഷിദ്ധമാക്കിയ സംഗീതം, ലഹരി, സ്ത്രീ-പുരുഷ കൂടിക്കലരൽ തുടങ്ങിയവയ്ക്ക് വഴിയൊരുക്കുന്നതും, ഇസ്‌ലാം നിയമമാക്കാത്തതും എന്നാൽ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകൾ നടത്തുന്നതുമായ ആഘോഷങ്ങളും ഇതരമതസ്ഥരുടെ മതപരമായ ആഘോഷങ്ങളും കൊണ്ടാടുവാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല.

ആനന്ദവും സന്തോഷവും ഏതൊരു മനുഷ്യമനസ്സും ആഗ്രഹിക്കുന്നതാണ്. ഗതകാലത്തെ സന്തോഷ നിമിഷങ്ങൾ ഓർത്തെടുക്കുവാൻ ഇഷ്ടപ്പെടാത്തവരുണ്ടാകില്ല. എന്നാൽ, ജീവിതത്തെതന്നെ കേവലം ഒരു ഉല്ലാസമായി കാണുന്നവരുള്ള കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ‘ജീവിതം ഒന്നേയുള്ളൂ, അത് നമുക്ക് ഇഷ്ടാനുസരണം ആസ്വദിക്കാം’ എന്നതുപോലുള്ള പ്രമേയങ്ങൾക്ക് വലിയ സ്വീകാര്യത ലഭിക്കുന്ന കാലമാണിത്. പ്രത്യേകിച്ചും പുതുതലമുറ ആഘോഷിക്കാനും ആനന്ദിക്കാനുമുള്ള അവസരങ്ങൾ തേടി നടക്കുകയാണ്. ജനനം മുതൽ തുടങ്ങുന്ന വിവിധ വാർഷികങ്ങളും മേളകളുമായി, വിവിധ ആഘോഷങ്ങൾ സമൂഹത്തിൽ വ്യാപകമാണ്.

എന്നാൽ, ഒരു മുസ്‌ലിം ഇതിലെല്ലാം മതത്തിന്റെ വിധിവിലക്കുകൾ പാലിക്കുന്നവനായിരിക്കണം. അവന്റെ രാപകലുകളിൽ അവൻ ഇടപെടുന്ന സർവ രംഗത്തും എന്തു നിലപാട് സ്വീകരിക്കണമെന്നും പ്രവർത്തിക്കണമെന്നുമുള്ള കൃത്യമായ ദിശാബോധം ഇസ്‌ലാം നൽകുന്നുണ്ട്. ആഘോഷങ്ങളിലെ ഒരു മുസ്‌ലിമിന്റെ നിലപാട് എന്തായിരിക്കണമെന്ന കൃത്യമായ അധ്യാപനവും ഇസ്‌ലാമിക പ്രമാണങ്ങളിലുണ്ട്.

പ്രവാചകൻ(സ്വ) മദീനയിലെത്തിയപ്പോൾ അവിടത്തുകാർക്ക് വിനോദങ്ങളിൽ ഏർപ്പെടുന്ന രണ്ട് ആഘോഷ ദിവസങ്ങളുണ്ടായിരുന്നു. അവിടുന്ന് ചോദിച്ചു: ‘എന്താണ് ഈ രണ്ട് ദിവസങ്ങൾ?’ അവർ പറഞ്ഞു: ‘ഞങ്ങൾ ജാഹിലിയ്യത്തിൽ വിനോദങ്ങളിൽ ഏർപ്പെട്ടിരുന്ന രണ്ട് (ആഘോഷ) ദിവസങ്ങളാണവ.’ അപ്പോൾ പ്രവാചകൻ (സ്വ) പറഞ്ഞു: ‘തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ഇതിനെക്കാൾ ഉത്തമമായ രണ്ട് ദിവസങ്ങൾ പകരം തന്നിട്ടുണ്ട്; ഫിത്ർ പെരുന്നാളും ബലിപെരുന്നാളും’ (അബൂദാവൂദ്). ഇസ്‌ലാം അനുവദിച്ചുതന്നതും മതപരമായ സവിശേഷതയും പ്രാധാന്യവും നൽകിയിട്ടുള്ളതുമായ രണ്ട് ആഘോഷങ്ങളാണ് ഉപരിസൂചിത ഹദീസിൽ പ്രതിപാദിച്ചവ.

വിവാഹം, ഗൃഹപ്രവേശം, ജീവിതത്തിലുണ്ടാകുന്ന മറ്റു നേട്ടങ്ങൾ തുടങ്ങിയ സന്തോഷാവസരങ്ങളിൽ ഇസ്‌ലാമിക മര്യാദകൾ ലംഘിക്കാത്തവിധം, നാട്ടുനടപ്പനുസരിച്ചുള്ള സന്തോഷ-പങ്കുചേരലുകൾ ഇസ്‌ലാം വിലക്കിയിട്ടില്ല. ആഘോഷവേളകളിലും ഇസ്‌ലാമിക മര്യാദകൾ കൈവിടാതെ റബ്ബിനെ ഓർത്തുകൊണ്ട് സന്തോഷങ്ങൾ പങ്കിടാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്.

എന്നാൽ ഇസ്‌ലാം നിഷിദ്ധമാക്കിയ സംഗീതം, ലഹരി, സ്ത്രീ-പുരുഷ കൂടിക്കലരൽ തുടങ്ങിയവയ്ക്ക് വഴിയൊരുക്കുന്നതും, ഇസ്‌ലാം നിയമമാക്കാത്തതും എന്നാൽ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകൾ നടത്തുന്നതുമായ ആഘോഷങ്ങളും ഇതരമതസ്ഥരുടെ മതപരമായ ആഘോഷങ്ങളും കൊണ്ടാടുവാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല.

ഇന്ന് പല ആഘോഷവേദികളും ഇസ്‌ലാമിക നിയമങ്ങളെ തകർത്തെറിയുന്നവയാണ്. മദ്യം വിളമ്പലും നഗ്നതാ പ്രദർശനവും സംഗീതവും സ്ത്രീ-പുരുഷ അഴിഞ്ഞാട്ടവുമെല്ലാം ആഘോഷത്തിന്റെ മറവിൽ നടക്കുന്നു. ആഘോഷമല്ലേ എന്ന ഒറ്റച്ചോദ്യമായിരിക്കും എതിർക്കുന്നവരോടുള്ള ഇവരുടെ പ്രതികരണം. മുസ്‌ലിം നാമധാരികളും ഇതിലൊട്ടും പിന്നിലല്ല.

**ഇഹത്തിലും പരത്തിലും നഷ്ടം മാത്രം വരുത്തുന്ന ലഹരിയിലും സംഗീതത്തിലും ധൂർത്തിലുമല്ല, പ്രവാചക മാതൃക പിൻപറ്റി അല്ലാഹുവിനെ മാത്രം ആരാധിച്ച്, അവനെ അനുസരിച്ച് ജീവിക്കുന്നതിലായിരിക്കണം ഒരു സത്യവിശ്വാസി ആനന്ദം കണ്ടെത്തേണ്ടത്.**

അല്ലാഹു മാത്രമാണ് ആരാധനക്കർഹനനെന്നും, അവനെയല്ലാതെ മറ്റാരെയും വിളിച്ചു പ്രാർഥിക്കാനോ സഹായം തേടാനോ പാടില്ലെന്നുമുള്ള മഹത്തായ ആദർശത്തിൽ പടുത്തുയർത്തപ്പെട്ട മതമാണ് ഇസ്‌ലാം. ആ ആദർശത്തിന് തീർത്തും വിരുദ്ധമായ വിശ്വാസങ്ങളിൽ അധിഷ്ഠിതമായ ആഘോങ്ങളിൽ പങ്കെടുക്കുക എന്നത് ഒരു മുസ്‌ലിമിന് അനുവദനീയമല്ല. ഇസ്‌ലാമിക വിരുദ്ധമായ ആഘോഷം മുസ്‌ലിംകൾ നടത്തുകയാണെങ്കിലും അല്ലാത്തവർ നടത്തുകയാണെങ്കിലും യഥാർഥ മുസ്‌ലിമിന് അതിന്റെ ഭാഗമായി മാറാൻ കഴിയില്ല. ഇസ്‌ലാമിന്റെ പേരിൽതന്നെ, അല്ലാഹുവോ പ്രവാചകനോ പഠിപ്പിച്ചിട്ടില്ലാത്ത പല ആഘോഷങ്ങളും ദിനങ്ങളും കൊണ്ടാടപ്പെടുന്നുണ്ട്.

അറബി ഭാഷയിൽ ആഘോഷം എന്നതിനുപയോഗിക്കുന്ന 'ഈദ്' എന്ന പദത്തിന്റെ അർഥം 'ആവ ർത്തിക്കപ്പെടുന്നത്' എന്നാണ്. അതായത് വർഷം തോറും നിർണിത ദിവസത്തിൽ ആവർത്തിക്കപ്പെടുന്ന ആഘോഷം. അത്തരത്തിൽ ഇസ്‌ലാം അനുവദിച്ചുതന്നത് നേരത്തെ സൂചിപ്പിച്ച രണ്ട് പെരുന്നാളുകൾ മാത്രമാണ്. അതു പ്രകാരം, ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന വിവാഹ വാർഷികാഘോഷം, ജന്മദിനാഘോഷം തുടങ്ങിയവ അനുവദനീയമല്ലെന്നുവരുന്നു.

പൊതുജനത്തിനിടയിൽ, മുസ്‌ലിം സമൂഹത്തിന്റെ ആഘോഷമായി മുദ്രകുത്തപ്പെട്ട ഒന്നാണല്ലോ നബിദിനം. മേൽ സൂചിപ്പിച്ച പ്രകാരം അതിന് ഇസ്‌ലാമികമായി യാതൊരു അടിസ്ഥാനവുമില്ല. യേശുവിന്റെ ജന്മദിനാഘോഷത്തെ എതിർക്കുകയും അതേസമയം നബിദിനാഘോഷം സംഘടിപ്പിക്കുകയും ചെയ്യുന്നവർ തങ്ങൾക്ക് നബിദിനാഘോഷം നടത്താൻ എന്ത് പ്രമാണമാണുള്ളതെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

രണ്ട് പെരുന്നാളുകളൊഴികെ മറ്റൊരു ആഘോഷവും പാടില്ലെങ്കിൽ, പിന്നെയെങ്ങനെയാണ് വിവാഹം, ഗൃഹപ്രവേശം പോലുള്ളവ സംഘടിപ്പിക്കുകയെന്ന് പലരും സംശയമുന്നയിക്കാറുണ്ട്. എന്നാൽ ഇത്തരം ചടങ്ങുകളും പരിപാടികളും എല്ലാ കൊല്ലവും ആവർത്തിക്കപ്പെടുന്ന ആഘോഷങ്ങളിൽ (ഈദ്) പെടുന്നവയല്ലല്ലോ. അത്തരം വേളകളിൽ മുമ്പ് സൂചിപ്പിച്ചതുപോലെ ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യങ്ങൾ കടന്നുവരാതെയും നമസ്കാരം പോലുള്ള നിർബന്ധ കർമങ്ങൾക്ക് ഭംഗം വരാതെയും സൂക്ഷ്മത പുലർത്താനാണ് ഒരു വിശ്വാസി ശ്രദ്ധിക്കേണ്ടത്. വിവാഹം, പുതിയ വീട്ടിൽ താമസം തുടങ്ങൽ പോലുള്ള കാര്യങ്ങൾ നടത്താൻ പുരോഹിതനെയോ തങ്ങളെയോ ജ്യോത്സ്യനെയോ സമീപിച്ച് പ്രത്യേകം മുഹൂർത്തം നിശ്ചയിക്കുക, അവർ ഇന്ന ദിവസത്തിലും സമയത്തിലും നടത്തിയാൽ ദോഷമാണെന്നു പറഞ്ഞാൽ അത് വിശ്വസിക്കുക തുടങ്ങിയവയൊക്കെ മുസ്‌ലിം നാമധാരികൾക്കിടയിൽ കണ്ടുവരുന്നുണ്ട്. അതൊക്കെ ആദർശത്തിലുള്ള വ്യതിയാനമാണെന്നു മനസ്സിലാക്കുവാനും വർജിക്കുവാനും സത്യ വിശ്വാസികൾക്കു സാധിക്കേണ്ടതുണ്ട്.

ഇഹത്തിലും പരത്തിലും നഷ്ടം മാത്രം വരുത്തുന്ന ലഹരിയിലും സംഗീതത്തിലും ധൂർത്തിലുമല്ല, പ്രവാചക മാതൃക പിൻപറ്റി അല്ലാഹുവിനെ മാത്രം ആരാധിച്ച്, അവനെ അനുസരിച്ച് ജീവിക്കുന്നതിലായിരിക്കണം ഒരു സത്യവിശ്വാസി ആനന്ദം കണ്ടെത്തേണ്ടത്. ■

# ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശമാറ്റം, പൊതുസമൂഹത്തോട് വിശദീകരിക്കണം:
## വിസ്ഡം ജനറൽ കൗൺസിൽ

കോഴിക്കോട്: പൊതുഭരണസംവിധാനത്തിലെ പങ്കാളിത്തം, ജനാധിപത്യ ഗവൺമെന്റുകളെ തെരഞ്ഞെടുക്കുന്നതിന് വോട്ടെടുപ്പിൽ പങ്കെടുക്കൽ തുടങ്ങിയവ അനുവദിക്കാമെന്ന് തങ്ങളുടെ 'ഭരണഘടനാ ഭേദഗതി'യിലൂടെ പ്രഖ്യാപിച്ച അടിസ്ഥാനമാറ്റം സംബന്ധിച്ച് പൊതുസമൂഹത്തോട് വിശദീകരിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് ബാധ്യതയുണ്ടെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

**ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കൽ നിഷിദ്ധമാണെന്ന് പ്രചരിപ്പിക്കുകയും ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ച് സമൂഹത്തെയും അണികളെയും തെറ്റുധരിപ്പിക്കുകയും മുസ്‌ലിം സമൂഹത്തെ പിറകോട്ട് വലിക്കാൻ വേണ്ടി ശ്രമിക്കുകയും ചെയ്തത് കടുത്ത വഞ്ചനയാണ്. ഗുരുതരമായ ഈ വീഴ്ചയെപ്പറ്റി ശരിയാംവിധം പരസ്യമായി പൊതുസമൂഹത്തിന്റെ മുമ്പിൽ വിശദീകരിക്കേണ്ടതുണ്ട്.**

മതവിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും സങ്കുചിതമായ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നത് ഗുരുതര പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും ഇസ്‌ലാം എക്കാലഘട്ടത്തും ഏതു സമൂഹത്തിലേക്കും പ്രായോഗികമായ നിർദേശങ്ങളും നിയമങ്ങളുമാണ് മുന്നോട്ടു വെക്കുന്നതെന്നുമുള്ള ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നേതാക്കളുടെ സുചിന്തിതവും പ്രാമാണികവുമായ വീക്ഷണം സ്വീകരിക്കപ്പെടുന്നത് സ്വാഗതാർഹമാണെന്നും ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ പഠന നിലവാരം സംബന്ധിച്ച് ഓഡിറ്റിംഗ് നടക്കണമെന്ന് ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു. എ പ്ലസ്സും വിജയശതമാനവും വർധിക്കുന്നുണ്ടെങ്കിലും ദേശീയ തലത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ സംസ്ഥാനം പിറകിലാണെന്ന റിപ്പോർട്ട് ആശങ്കാജനകമാണെന്നും ജനറൽ കൗൺസിൽ വിലയിരുത്തി. ആഗോളതലത്തിൽ കേരളം പുറന്തള്ളപ്പെട്ടുപോകുന്നത് ഒഴിവാക്കാൻ സംസ്ഥാന സർക്കാറും വിദ്യാഭ്യാസ പ്രവർത്തകരും അടിയന്തിരമായി ഇടപെടണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, നാസിർ ബാലുശ്ശേരി, അബൂബക്കർ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹാരിസ്ബ്നു സലീം, അബ്ദുൽ മാലിക് സലഫി, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് താനൂർ, ജനറൽ സെക്രട്ടറി മുഹമ്മദ് ശമീൽ തുടങ്ങിയവർ സംസാരിച്ചു. ■

അർഷദ് അൽഹികമി, താനൂർ
: 79945 87959

# ഔദാര്യം പെയ്തിറങ്ങട്ടെ

> അതിഥികളെ മാനിക്കുവാനും സാധ്യമായ വിധത്തിൽ സൽക്കരിക്കുവാനും പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം.

കൂട്ടുകാരേ, ഒരിക്കൽ നബി(സ്വ)യുടെ അടുത്ത് ഒരു അതിഥി (വിരുന്നുകാരൻ) എത്തി. അതിഥികളെ സൽക്കരിക്കുന്ന കാര്യത്തിൽ വളരെ താൽപര്യം കാണിക്കുന്നവരാണ് അറബികൾ അന്നും ഇന്നും. മുസ്‌ലിംകളുടെ ദീനിന്റെ ഭാഗമാണ് അതിഥികളെ ആദരിക്കൽ.

അതിഥി വന്നപ്പോൾ വീട്ടിൽ വല്ല ഭക്ഷണവുമുണ്ടോ എന്നറിയാൻ നബി(സ്വ) ഒരാളെ പറഞ്ഞയച്ചു. 'വെള്ളമല്ലാതെ ഇവിടെ ഒന്നുമില്ല' എന്നതായിരുന്നു പ്രവാചകന്റെ ഭാര്യമാരുടെ മറുപടി.

"ഇദ്ദേഹത്തെ ആരാണ് അതിഥിയായി സ്വീകരിക്കുക?" നബി(സ്വ) സ്വഹാബിമാരോട് ചോദിച്ചു.

നബി(സ്വ)യുടെ അതിഥിയെ സ്വീകരിക്കാനുള്ള നല്ല അവസരം! ഉടൻ തന്നെ അൻസ്വാരിയായ ഒരു സ്വഹാബി എഴുന്നേറ്റു നിന്ന് പറഞ്ഞു:

"അല്ലാഹുവിന്റെ റസൂലേ, ഞാൻ സ്വീകരിക്കാം."

നബി(സ്വ)യുടെ അതിഥിയെ സൽക്കരിക്കാൻ അവസരം കിട്ടിയ സന്തോഷത്തോടെ അദ്ദേഹം വീട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തി ഭാര്യയോട് പറഞ്ഞു:

"നമുക്കൊരു അതിഥിയുണ്ട്; നബി(സ്വ)യുടെ അതിഥി. അദ്ദേഹത്തെ നമുക്ക് സ്വീകരിക്കണം, ആദരിക്കണം."

"കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണമല്ലാതെ ഒന്നും വീട്ടിൽ ബാക്കിയില്ല പ്രിയപ്പെട്ടവനേ"- ഇതായിരുന്നു അദ്ദേഹത്തിന്റെ ഭാര്യയുടെ മറുപടി.

"എങ്കിൽ നീ ഭക്ഷണം ഒരുക്കുക. മക്കളെ ഉറക്കുകയും ചെയ്യുക. ഭക്ഷണം കഴിക്കാൻ നേരം വിളക്ക് കെടുത്തുകയും ചെയ്യുക"-അദ്ദേഹം ഭാര്യയോടു പറഞ്ഞു.

അതിഥി വീട്ടിൽ പ്രവേശിച്ചു. ഭർത്താവ് കൽപിച്ചതുപോലെത്തന്നെ അദ്ദേഹത്തിന്റെ ഭാര്യ പ്രവർത്തിച്ചു. ഭക്ഷണം കഴിക്കാൻ നേരം വിളക്ക് കെട്ടു. വീട്ടുകാരനും തന്നോടൊപ്പം കഴിക്കുന്നു എന്ന് കരുതി അതിഥി ഇരുട്ടത്തിരുന്ന് സന്തോഷത്തോടെ ഭക്ഷണം കഴിച്ചു. അദ്ദേഹം ആ വീട്ടുകാർക്കുവേണ്ടി പ്രാർഥിച്ച് തിരിച്ചുപോയി.

വയറ് വിശന്നും മനസ്സ് നിറഞ്ഞും ആ സ്വഹാബിയുടെ കുടുംബം രാത്രി കഴിച്ചുകൂട്ടി. ഈ വിവരം നബി(സ്വ)യുടെ ചെവിയിലെത്തി. രാവിലെ ആ അൻസ്വാരി നബി(സ്വ)യെ കണ്ടുമുട്ടിയപ്പോൾ നബി(സ്വ) അദ്ദേഹത്തോടു പറഞ്ഞു:

"ഇന്നലത്തെ നിങ്ങളുടെ പ്രവൃത്തി കണ്ട് റബ്ബ് ചിരിച്ചിരിക്കുന്നു."

അല്ലാഹുവിനെ ഏറെ സന്തോഷിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്തു ആ സംഭവം എന്നർഥം.

കൂട്ടുകാരേ, അതിഥികളെ മാനിക്കുവാനും സാധ്യമായ വിധത്തിൽ സൽക്കരിക്കുവാനും പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. അതിന്റെ പ്രാധാന്യം മനസ്സിലാക്കി, അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുവാൻ ആ സ്വഹാബി കാണിച്ച താൽപര്യത്തിൽ നമുക്ക് ഉത്തമമായ മാതൃകയുണ്ട്. ■

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
06 JANUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-





GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm